വാർഷിക വരിസംഖ്യ 12 രൂപ
സെപ്തംബർ–ഒക്ടോബർ 2014

# ഗ്രാമഭൂമി

പുസ്തകം 37 ലക്കം 5
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം
ദ്വൈമാസിക

## സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)
## നിർമൽ ഭാരത് അഭിയാന്റെ
# നവമുഖം




**ഗാന്ധിജി**
പൗരധർമം പഠിപ്പിച്ച വികസന നായകൻ

**ഗ്രാമങ്ങൾക്ക് ഉണർവേകി**
സ്ത്രീശക്തി

**ജൈവകൃഷി**
മൂന്ന് മാതൃകകൾ






മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്കിൽ സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രാരംഭഘട്ട പ്രവർത്തികൾ ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ.

# ഗ്രാമഭൂമി
ദ്വൈമാസിക

റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം, കേരള സർക്കാർ

പുസ്തകം 37 ● ലക്കം 5 ● 2014 സെപ്തംബർ-ഒക്ടോബർ



സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)
നിർമൽ ഭാരത് അഭിയാന്റെ നവമുഖം
എൽ.പി. ചിത്തർ ........ 6

പ്ലാസ്റ്റിക് മാലിന്യം
നാമെന്ത് ചെയ്യും
സയൻസൺ പുന്നശ്ശേരി ........ 10



വരവായി...
പൊൻമണി കർമ്മസേന
തങ്കം വർഗ്ഗീസ് ........ 12



ഗാന്ധിജി:
പൗരധർമം പഠിപ്പിച്ച
വികസന നായകൻ
ആർ ഷൈനി ........ 14


ഒരു സ്വപ്നക്കൂട്
എം.എസ് അനിൽകുമാർ ........ 17



കൃഷിയിടങ്ങളിലെ പാഴ്‌വസ്തുക്കൾ
ചിപ്പിക്കൂൺ കൃഷിക്ക് അനുയോജ്യം
ഡോ. ആർ.ചന്ദ്രമോഹനൻ ........ 18

ഗ്രാമങ്ങൾക്ക് ഉണർവേകി
സ്ത്രീശക്തി
പ്രൊഫ. സി ചന്ദ്രമതി ........ 22

ജൈവകൃഷി
മൂന്ന് മാതൃകകൾ
ജി എസ് ഉണ്ണികൃഷ്ണൻ നായർ ........ 25



ഏഴ് നീർത്തടങ്ങൾക്ക് പുനർജനി
എ.എം. ശ്രീകാന്ത് ........ 28


വികസനത്തിന് പശ്ചാത്തലമൊരുക്കി
കുറ്റിപ്പുറം പദ്ധതി രണ്ടാം ഘട്ടത്തിലേക്ക്
കെ അജിത ........ 30

മികച്ച വിളവ് ഉറപ്പാക്കാൻ
സോയിൽ ഹെൽത്ത് കാർഡ് ........ 33

അറിയാൻ ........ 34



# കത്തുകൾ




## ഏത് കാലാവസ്ഥയിലും ജീവിക്കാൻ പഠിക്കണം

ആരോഗ്യകാര്യത്തിൽ നാമിന്ന് വളരെയധികം ശ്രദ്ധാലുക്കളാണ്. വർഷകാലം നമുക്ക് വിശ്രമകാലമാണ്. അടുത്ത ഒരു വർഷത്തേക്കുള്ള അധ്വാനത്തിന് ആവശ്യമായ ശരീരബലം സംഭരിക്കുന്നതിന് വിശ്രമകാലത്തിനൊടുവിൽ ചെയ്യുന്ന ചികത്സയാണ് മഴക്കാല ചികിത്സ. രോഗം വന്ന് ചികിത്സിക്കുന്നതിനെക്കാൾ നന്ന് രോഗം വരാതിരിക്കലാണെന്ന് എല്ലാവർക്കുമറിയാം.



ആയുർവേദ വിധിപ്രകാരം രോഗപ്രതിരോധത്തിന് അത്രമാത്രം പ്രത്യേകതയുണ്ട്. എന്നാലും എത്ര ശ്രദ്ധിച്ചാലും പലപ്പോഴും നമുക്ക് രോഗങ്ങളോട് മല്ലടിക്കേണ്ടി വരും. അപ്പോൾ ചികിത്സിക്കാതെ പറ്റില്ല. നമ്മുടെ ശരീരത്തെ ചെറുപ്പത്തിലേ തന്നെ കാലാവസ്ഥയ്ക്കനുസരിച്ച് ജീവിക്കത്തക്കരീതിയിൽ പാകപ്പെടുത്തിയാൽ ആരോഗ്യകരമായ ജീവിതം നയിക്കാൻ കഴിയും. ഏറ്റവും വലിയ സമ്പത്തും അതാണ് വർഷകാലവും ആയൂർവേദവും അവസരോചിതമായി ഉൾപ്പെടുത്തിയതിന് നന്ദി.

സൂസൻ മേരി മാത്യൂ
ഇടമലയാർ

## അറിയാൻ അറിവു പകരുന്നു

ഗ്രാമഭൂമിയിലെ അറിയാൻ എന്ന പേജ് വളരെയേറെ പേർക്ക് പ്രയോജനം തന്നെ. ഇന്ദിരാ ആവാസ് യോജന, തൊഴിലുറപ്പ് പദ്ധതിയിലെ ഗവ. ഉത്തരവുകൾ, വിവിധ പദ്ധതികളുടെ ഫണ്ട് വിനിയോഗം, ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പദ്ധതിയുടെ നിയമാവലികൾ, കുടുംബശ്രീ പ്രവർത്തനങ്ങളുടെ പുതിയ നിയമങ്ങൾ, ആശ്രയ പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ, വനിതാഘടക പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വ പരിപാടികൾ ഇവയെക്കുറിച്ചൊക്കെയുള്ള ഏറ്റവും പ്രധാനപ്പെട്ട ഉത്തരവുകൾ ഒക്കെ അറിയാൻ എന്ന പേജിൽ ഉൾപ്പെടുത്തിക്കാണുന്നത് അഭിനന്ദനം അർഹിക്കുന്നു.

അനിത ഉണ്ണി .റ്റി. പി
അയിരൂർ. വർക്കല.

## വികസന പ്രവർത്തനങ്ങളുടെ പ്രചാരകനായി ഗ്രാമഭൂമി എത്തുന്നു

കഴിഞ്ഞ ലക്കം ഗ്രാമഭൂമി വിവിധ ബ്ലോക്കുകൾ വഴി നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വിവരിച്ചിരുന്നു. വനിത കർഷക സംഘം നെൽകൃഷിയിലേക്ക്, നൂറ്റാണ്ടിന്റെ നിയമം, നൻമയുടെ പദ്ധതി, മർവ്വയുടെ പലഹാര മഹിമ, തൊഴിലുറപ്പ് ജീവിത വിജയം, പട്ടിന്റെ പാതയിലൂടെ, പെരുങ്ങരയിലെ പെരുമ തുടങ്ങിയവ ചിത്രങ്ങൾ സഹിതം നൽകിയിരുന്നു. ഇതിൽ തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിലെ നല്ലൊരു വിഭാഗം ജനതയ്ക്കും ഈ നൂറ്റാണ്ടിൽ ലഭിച്ച ഏറ്റവും ശക്തവും പ്രയോജനകരവും ഗുണപ്രദവും അവകാശങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതവുമായ ഒരു നിയമമാണ്. ഏതൊരാൾക്കും ജോലിയും കൂലിയുമുള്ള 100 ദിനങ്ങൾക്കൊപ്പം രാജ്യത്തിന്റെ സമഗ്ര വികസനത്തിൽ മനസ്സുകൊണ്ടും ശരീരം കൊണ്ടും പങ്കാളിയാവാനും അവസരം നൽകുന്നു. തൊഴിലാളിക്ക് ബാങ്ക് അക്കൗണ്ടും കുടുംബത്തിന്റെ സാമ്പത്തികാവശ്യങ്ങൾക്ക് മുന്നിൽ സജീവപങ്കാളിയും. സാമൂഹികശാക്തികരണം കൈവരിക്കാനായി. എന്തിനേറെ വികസനബ്ലോക്കുകൾ വഴി സമൂഹത്തിലെ നല്ലൊരു പങ്കിനും ജീവിതത്തിന്റെ മുഖ്യധാരയിൽ എത്താനായി. ഇത്തരം നൻമയുടെ പദ്ധതികൾ നടപ്പിലാക്കിയാൽ അത് വിജിയിക്കണമെങ്കിൽ പ്രചാരണം കൂടിവേണം അല്ലെങ്കിൽ ആരുമറിയാതെ പോകും. മറ്റു ബ്ലോക്കുകളിലെ വികസനപ്രവർത്തനങ്ങളുമായി അടുത്തലക്കം ഗ്രാമഭൂമിയെത്തുന്നത് കാത്തിരിക്കുന്നു.

ജി.പി. മീനാകുമാരി
വനിതാക്ഷേമ ഓഫീസർ, അതിയന്നൂർ ബ്ലോക്ക്

## നമ്മുടെ മനസ്സിനെ പാകപ്പെടുത്തണം

മഴക്കാലത്ത് കൂടുതലും എന്നാൽ വേനൽക്കാലത്തും ഉണ്ടാകുന്നതുമായ രോഗങ്ങളെക്കുറിച്ച് കഴിഞ്ഞ ഗ്രാമഭൂമുയിൽ വായിച്ചപ്പോഴാണ് എന്റെ മനസ്സിൽ ഇത്തരം ചിന്തകൾ കടന്ന് കൂടിയത്. ഈ രോഗങ്ങൾ ഒന്നിനൊന്ന് കൂടുന്നതല്ലാതെ കുറയുന്നില്ല, മനുഷ്യൻ തന്നെയല്ലേ ഇതിന് കാരണക്കാർ. നമ്മുടെ വീടും പരിസരവും ശുചീകരിച്ചാൽ ഒരു പരിധി വരെ ഈ രോഗങ്ങളെ പ്രതിരോധിക്കാവുന്നതേയുള്ളു. എന്നാൽ വ്യക്തിശുചിത്വം ഏറെയുള്ള മലയാളി പരിസരം ശുചിയാക്കാറില്ല ശുചിത്വ പരിപാടികൾ സർക്കാർ തലത്തിൽ വളരെയധികം നടപ്പിലാക്കുന്നുണ്ടെങ്കിലും അവയൊന്നും വേണ്ട വിധം ജനം പരിപാലിക്കുന്നില്ല. ഇതിന്റെ ദോഷം ജനത്തിന് തന്നെ ഇതിനെല്ലാം പരിഹാരമെന്നോണം ഒന്നേ പറയാനുള്ളു നമ്മുടെ മനസ്സ് മാറണം.



നമ്മുടെയും മറ്റുള്ളവരുടേയും ആരോഗ്യം അതിന്റേതായ രീതിയിൽ കാണണം. ആശുപത്രിയിൽ കയറിയിറങ്ങി നമ്മുടെ സമയവും ധനവും നഷ്ടപ്പെടുത്താതെ അൽപ്പം ശ്രദ്ധിക്കുക, നല്ല വിദ്യാഭ്യാസവും കാര്യപ്രാപ്തിയുമുള്ളവരാണ് നമ്മളിലധികവും. നമമുടേതാണ് നാടെന്നും എന്നെപ്പോലെ തന്നെ മറ്റുള്ളവരുടെയും ആരോഗ്യം കാത്ത് സൂക്ഷിക്കണമെന്നും ചിന്തിച്ചാൽ ഈ രോഗങ്ങളെ ഒരു പരിധി വരെ ചെറുത്ത് നിൽക്കാം.

മനോജ്. ജി.
നന്ദിയോട്, പച്ചപാലോട്

**ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ. തപാലിൽ ലഭിക്കുവാൻ**
എഡിറ്റർ
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്
വഴുതക്കാട്
ശാസ്തമംഗലം പി.ഒ
തിരുവനനപുരം - 695 010
എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക
email : ribkerala@gmail.com

RURAL INFORMATION BUREAU

ഗ്രാമഭൂമി
**ദ്വൈമാസിക**
**റൂറൽ ഇൻഫർമേഷൻ ബ്യൂറോ**
**പ്രസിദ്ധീകരണം**
**കേരള സർക്കാർ**

പുസ്തകം 37
ലക്കം 5
2014 സെപ്തംബർ-ഒക്ടോബർ

എഡിറ്റർ
**എ.എ. ഹക്കീം**
ചീഫ് ഓഫീസർ,
റൂറൽ ഇൻഫർമേഷൻ ബ്യൂറോ

കാമ്പയിൻ ഓഫീസർ
**ആർ. രഞ്ജിത**

അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
**എ. ലത്തീഫാ ബീവി**

മാനേജർ
**എച്ച്. വിക്രമൻ**

കവർ & ലേ-ഔട്ട്
**രതീഷ്**

ഓഫീസ്
**റൂറൽ ഇൻഫർമേഷൻ ബ്യൂറോ**
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്
വഴുതക്കാട്, ശാസ്തമംഗലം പി.ഒ
തിരുവനന്തപുരം - 695 010.
ഫോൺ : 0471 2317262
email : ribkerala@gmail.com

*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*

**വാർഷിക വരിസംഖ്യ: 12 രൂപ**

# മാറ്റം മനസ്സിൽ നിന്നാവട്ടേ

ശുദ്ധിയുള്ള പ്രദേശത്തേ വിശുദ്ധമായ സാമൂഹിക സൃഷ്ടിപ്പ് സാധ്യമാകൂ. ശുദ്ധവ്യക്തിത്വങ്ങൾക്ക് വളരാൻ ശുചിത്വമുള്ള സാഹചര്യങ്ങളും വേണം.

മലയാളക്കരയിൽ ഇക്കാലത്ത് ആദ്യമായി വന്നിറങ്ങുന്നയാൾ ഇതോ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ചോദിച്ചാൽ അത്ഭുതപ്പെടാനില്ല. ദേശത്തിനും ലോകത്തിനും പലകാര്യങ്ങൾക്കും നേതൃത്വം നൽകാറുള്ള, മുമ്പേ നടക്കുന്ന റോൾമോഡലാണ് നാം. പക്ഷേ പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണെന്ന സത്യം അംഗീകരിച്ചേ മതിയാകൂ.

അടുക്കള മാലിന്യം മുതൽ മാർക്കറ്റ് മാലിന്യം വരെ തരംതിരിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും പുതിയശീലം വളർത്താൻ നമുക്ക് ഒരു യത്നം തന്നെ വേണ്ടി വരും. ഒരു സാംസ്കാരിക മാറ്റവും മുന്നേറ്റവുമാണ് ആവശ്യം. ഇത് ഒരുനാൾ കൊണ്ട് ആകാവതല്ല.

നമ്മുടെ ജനതയുടെ ജീവിത നിലവാരം സാമൂഹിക ശുചിത്വത്തിന്റെ കാര്യത്തിൽ കൂടി ഉയർത്തികൊണ്ട് വരേണ്ടതുണ്ട്. ആ ദിശയിൽ സംസ്ഥാന ഗ്രാമവികസന വകുപ്പ് അർപ്പിത സേവനങ്ങളാണ് ചെയ്തു വരുന്നത്.

നിർമ്മൽഭാരത് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ നാം ലക്ഷ്യം വെച്ചതും ഗ്രാമീണരിൽ ശുചിത്വ ശീലം വളർത്തുക എന്നതായിരുന്നു. കുറച്ച് കൂടി വിശാലതലത്തിലേക്ക് ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് സ്വച്ഛ്ഭാരത് മിഷൻ(ഗ്രാമീൺ) എന്ന പുതിയ പദ്ധതി.

വ്യക്തി ജീവിതത്തിലെ ശുദ്ധിപോലെ തന്നെ സാമൂഹിക ജീവിതത്തിലും ശുചിത്വം പാലിക്കൽ അത്യന്താപേക്ഷിതമാണ്. ആ മാർഗ്ഗത്തിൽ കൂടുതൽ പ്രസ്ഥാനങ്ങളും സേവകരും സജീവമാകുന്നത് ആശാവഹമാണ്.

പാടം മുതൽ പാഠശാല വരെ വ്യാപക ബോധവത്കരണം വേണ്ടതുണ്ട്. വ്യക്തിയിലും സംസ്കാരത്തിലുമുള്ള വെടിപ്പാണ് അവരുടെ പരിസരങ്ങളിൽ പ്രകടമാവുക.

മാർക്കറ്റിൽ അല്ല മനസ്സിലാണ് ആദ്യം മാറ്റം ഉണ്ടാകേണ്ടത്.

**എഡിറ്റർ**

എൽ.പി. ചിത്തർ

स्वच्छ भारत

एक कदम स्वच्छता की ओर

**ഗ്രാ**മീണ ജനതയുടെ ജീവിത ഗുണമേന്മ ഉയർത്തുകയെന്ന വിശാല കാഴ്ചപ്പാടോടെ ശുചിത്വ മേഖലയിൽ നടപ്പിലാക്കി വന്ന കേന്ദ്രാവിഷ്കൃത പരിപാടിയാണ് നിർമൽ ഭാരത് അഭിയാൻ. മഹാത്മഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 2019 ഒക്ടോബർ രണ്ടോടെ ഇന്ത്യയെ സമ്പൂർണ ശുചിത്വരാജ്യമാക്കണമെന്ന ലക്ഷ്യത്തോടെ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചിരിക്കുകയാണ്. ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന നിർമൽ ഭാരത് അഭിയാൻ പദ്ധതി പുന:സംഘടിപ്പിച്ച് 2014 ഒക്ടോബർ രണ്ട് മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഘടകങ്ങളിലും സഹായ തുകയിലും നിർമൽ ഭാരത് അഭിയാനിൽ നിന്ന് ചില മാറ്റങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ പ്രധാനം ഇവയാണ്.

വ്യക്തിഗത ഗാർഹിക കക്കൂസുകൾക്കുള്ള സഹായം 12000 രൂപയായിരിക്കും. കൈകൾ കഴുകുക, കക്കൂസ് വൃത്തിയാക്കുകയടക്കം കാര്യങ്ങൾക്കായി ജല ലഭ്യത ഉറപ്പാക്കി ജലം സംരംഭിക്കുന്നതിനുള്ള സൗകര്യംകൂടി കക്കൂസ് നിർമാണത്തിന്റെ ഭാഗമായി സൃഷ്ടിക്കണം.

ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) പദ്ധതിയിൽ ഗാർഹിക കക്കൂസിന്റെ ഘടകംകൂടി ഉൾക്കൊളളിക്കുന്നതാണ്. അതുവരെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ നിന്നും ഐ.എ.വൈ വീടുകൾക്കും കക്കൂസ് നിർമിക്കുന്നതിനുള്ള സഹായം നൽകാം.

ഗാർഹിക കക്കൂസുകൾക്ക് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിന്നും 5400 രൂപ വരെ ലഭ്യമാക്കാമായിരുന്ന സഹായം നിർത്തലാക്കി. പകരം 12000 രൂപ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ൽ നിന്നും നൽകും.

നിർമൽ ഭാരത് അഭിയാന്റെ ഭാഗമായിരുന്ന സ്കൂൾ, അങ്കണവാടി ടോയ്‌ലറ്റ് നിർമ്മാണ ഉത്തരവാദിത്വം ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ സ്കൂൾ ടോയ്‌ലറ്റ്, അങ്കണവാടി ടോയ്‌ലറ്റ് ഘടകങ്ങൾ ഉണ്ടായിരിക്കില്ല.

**സംസ്ഥാനത്തെ 95% കുടുംബങ്ങൾക്കും ഗാർഹിക കക്കൂസ് ഉണ്ടെന്നു പറയുമ്പോഴും വികസനത്തിന്റെ ചില രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും നാം തുടങ്ങേണ്ടതുണ്ട്.**



നിർമൽ ഭാരത് അഭിയാനിലുണ്ടായിരുന്ന പൊതു ശുചിത്വ സമുച്ചയങ്ങൾ (കമ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്, ഖര-ദ്രവ മാലിന്യ മാനേജ്മെന്റ് ഘടകങ്ങൾ എന്നിവപോലെതന്നെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ലും തുടരും. ഗ്രാമ പഞ്ചായത്തുകൾ ഉടമസ്ഥതയും സ്ഥിരമായ പരിപാലനവും അറ്റകുറ്റ പണിയും ഏറ്റെടുത്താൽ മാത്രമേ പൊതു ശുചിത്വ സമുച്ചയങ്ങൾ പണിയുവാൻ കഴിയൂ എന്നത് മുന്നുപാധിയാണ്. ഗാർഹിക കക്കൂസുകൾ പണിയുവാൻ സൗകര്യമില്ലാത്തയിടങ്ങളിൽ ഒരു കൂട്ടം കുടുംബങ്ങൾക്കായി പൊതു ശുചിത്വ സമുച്ചയം പണിതു നൽകുവാൻ കഴിയും. ജനങ്ങൾ ഒത്തുചേരുന്ന മാർക്കറ്റ്, ബസ് സ്റ്റാന്റ് പോലുള്ള പൊതു സ്ഥലങ്ങളിലും പൊതു ടോയ്‌ലറ്റുകൾ പൊതു ശുചിത്വ സമുച്ചയ ഘടകത്തിൽ ഉൾപ്പെടുത്തി നിർമിക്കാം. അവിടെയും ഉടമസ്ഥതയും സ്ഥിര പരിപാലനവും അറ്റകുറ്റപണിക്കുള്ള സംവിധാനവും ഉറപ്പാക്കിയിരിക്കണം. ഇവ പൊതു സ്വകാര്യ പങ്കാളിത്ത പ്രകാരവും വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് രീതികളിൽ നിർമിക്കുവാൻ കഴിയുന്നതാണ്.

വ്യക്തികളുടെയും സമൂഹത്തിന്റെയും മനോഭാവത്തിൽ അനുകൂല മാറ്റം വരുത്തി കക്കൂസ് സൗകര്യം സൃഷ്ടിക്കുന്നതിനും അവ ഉപയോഗിക്കുന്നതിനും അതുപോലെ സുരക്ഷിതമായി ഖര-ദ്രവ മാലിന്യം കൈകാര്യം ചെയ്യുന്നതിനുമുള്ള ശീലമുണ്ടാക്കുകയെന്നതാണ് നിർവഹണ തന്ത്രം. ഇതിലേക്കുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും ശേഷീ വികസന പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ജില്ലാ തലങ്ങളിൽ ആകെ പ്രോജക്ട് കോസ്റ്റിന്റെ അഞ്ച് ശതമാനം വിനിയോഗിക്കാം (എൻ.ബി.എ.യിൽ 15% ആയിരുന്നു).

# സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

## നിർമൽ ഭാരത് അഭിയാന്റെ

# നവമുഖം



ഭരണ ചെലവുകൾക്കുള്ള തുക പ്രോജക്ട് അടങ്കലിന്റെ നാല് ശതമാനം ആയിരുന്നത് രണ്ട് ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം സുസജ്ജമാക്കും. ഭൗതിക ഫലത്തോടൊപ്പം പൊതു നേട്ടവും വിലയിരുത്തും.

പദ്ധതിയുടെ വിശദ മാർഗരേഖ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന നിർവഹണ മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കും.

കേരള ഗ്രാമങ്ങളിൽ 2011 ലെ സെൻസസ് പ്രകാരം കക്കൂസ് സൗകര്യമില്ലാത്തത് 2.7 ലക്ഷം വീടുകളിൽ മാത്രമാണ്. ഏതാണ്ട് 95% കുടുംബങ്ങൾക്കും നിലവിൽ ഈ സൗകര്യം ഉണ്ട്. എന്നാൽ ഗ്രാമങ്ങളിൽ ആകെയുള്ള പട്ടികജാതി കുടുംബങ്ങളിൽ 17% ത്തിനും അതുപോലെ പട്ടിക വർഗ കുടുംബങ്ങളിൽ 33 ശതമാനത്തിനും സ്വന്തം വീടുകളിൽ കക്കൂസ് സൗകര്യമില്ലായെന്നും സെൻസസ് വ്യക്തമാക്കുന്നു.

അതായത് എല്ലാ പട്ടിക ജാതി, പട്ടിക വർഗ കുടുംബങ്ങൾക്കും തീരദേശത്തെ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്കും അതുപോലെ പാർശ്വവത്കരിക്കപ്പെട്ട ഇതര കുടുംബങ്ങൾക്കും ഗാർഹിക കക്കൂസ് അല്ലെങ്കിൽ പൊതു ശുചിത്വ സമുച്ചയം മുൻഗണന നൽകി സൃഷ്ടിക്കുന്നതിനുള്ള നടപടികളിലാണ് ഗ്രാമ പഞ്ചായത്തുകൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ടത്. ഏതൊരു പ്രവർത്തനത്തിന്റെയും അവസാന ഘട്ടം ഏറെ പ്രയാസമുള്ളതായിരിക്കും. ശുചിത്വ സൗകര്യങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത, അവ പ്രയോജനപ്പെടുത്താത്തതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, വിശിഷ്യാ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ തുടങ്ങിയവ കക്കൂസ് സൗകര്യമില്ലാത്ത ഓരോ വീട്ടിലേയും എല്ലാ അംഗങ്ങളോടും നേരിട്ട് കണ്ട് സംസാരിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിച്ചാൽ മാത്രമേ വരുന്ന രണ്ട് വർഷങ്ങൾക്കുള്ളിൽ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഉറപ്പാക്കാൻ കഴിയൂ. മാത്രമല്ല കുടുംബാംഗങ്ങൾ എല്ലാവരും കക്കൂസ് ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും പ്രധാനമാണ്.

സംസ്ഥാനത്തെ 95% കുടുംബങ്ങൾക്കും ഗാർഹിക കക്കൂസ് ഉണ്ടെന്നു പറയുമ്പോഴും വികസനത്തിന്റെ ചില രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും നാം തുടങ്ങേണ്ടതുണ്ട്. നമ്മുടെ 80% കുടിവെള്ള കിണറുകളിൽ നിന്നുമെടുത്ത വെള്ളത്തിൽ ഇ-കോളി ഫോം ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്നാണ് പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കിണർ വെള്ളത്തിൽ മനുഷ്യ മലം കലർന്നിട്ടുണ്ടാകാമെന്നതാണ് അനുമാനം. കേരളത്തിൽ ആകെയുള്ള കക്കൂസുകളുടെ അമ്പതു ശതമാനം സെപ്റ്റിക് ടാങ്ക് സൗകര്യത്തോടു കൂടിയുള്ളതാണ്. എന്നാൽ ഇവ ശാസ്ത്രീയമായി നിർമിക്കപ്പെട്ടവയാണോയെന്നും പരിപാലിക്കപ്പെടുന്നവയാ



**സ്ഥാപനങ്ങളിൽ ബയോ ബിന്നുകളിൽ കമ്പോസ്റ്റിങ്ങിനായിരിക്കണം എപ്പോഴും മുൻഗണന. മാലിന്യത്തിന്റെ അളവു കൂടുതലുള്ള ഘട്ട ങ്ങളിലും ഗ്യാസ് കത്തിച്ച് പ്രയോജനപ്പെടുത്താനും, സ്ളറി കൈകാര്യം ചെയ്യാനും സൗകര്യമുള്ള വീടുകളിലും സ്ഥാപന ങ്ങളിലും ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ച് അഴുകുന്ന മാലിന്യം പരിപാലിക്കാം.**

ണോയെന്നും പരിശോധിക്കേണ്ടതുണ്ട്.

ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് പ്രകാരം സെപ്റ്റിക് ടാങ്കുകൾ കുറഞ്ഞത് മൂന്നു വർഷത്തിലൊരിക്കൽ മാലിന്യം നീക്കി വൃത്തിയാക്കേണ്ടതാണ്. ഇത് ചെയ്യുന്നില്ലെന്നത് വസ്തുതയാണ്. കക്കൂസ് മാലിന്യം (സെപ്റ്റേജ്) നീക്കേണ്ടി വന്നാൽ അത് സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും മതിയായ സെപ്റ്റേജ് ട്രീറ്റ്മെന്റ് സൗകര്യങ്ങളില്ല. ഇത്തരം സൗകര്യങ്ങളുടെ അഭാവത്തിലാണ് രാത്രി കാലങ്ങളിൽ സെപ്റ്റേജ് എടുത്ത് പുഴയിലും പാടത്തും ഓടയിലുമെല്ലാം ഒഴുക്കിവിടുന്നത്. (ഒരു ടാങ്കറിൽ നിന്നും ഒരു പ്രാവശ്യം പുറം തള്ളുന്ന മാലിന്യം 5000 ആൾക്കാർ ഒന്നിച്ച് പുറം സ്ഥലത്ത് വിസർജിക്കുന്നതിന് തുല്യമാണ്). ഈ പ്രശ്നം പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ആവശ്യാനുസരണം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റുകൾ സൃഷ്ടിക്കേണ്ടതുണ്ട്. ത്രിതല പഞ്ചായത്തുകൾ കൂട്ടായി ജില്ലാ, താലൂക്ക്, ബ്ളോക്ക് കേന്ദ്രങ്ങളിൽ ശാസ്ത്രീയമായതും പരിസ്ഥിതി സൗഹൃദവും ജനങ്ങൾക്ക് സ്വീകാര്യമായതുമായ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റുകൾ നിർമിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. ചികിത്സാ സൗകര്യം മെച്ചപ്പെടുത്താൻ ആശുപത്രികളിൽ വികസന പ്രവർത്തനം നടത്തുന്നതുപോലെ പ്രധാനമാണ് നല്ല ആരോഗ്യവും ശുചിത്വം ഉറപ്പാക്കാനുള്ള ഇത്തരം പ്രവർത്തനങ്ങളും.

വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ജീവിത ഗുണമേന്മാ സൂചകങ്ങളാണ് നമ്മുടേതെന്ന് അഭിമാനിക്കുമ്പോൾ തന്നെ മാലിന്യം ശാസ്ത്രീയവും സുരക്ഷിതവുമായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നമ്മുടെ നഗരങ്ങളും ഗ്രാമ പ്രദേശങ്ങളും ഒരു പോലെ ബുദ്ധിമുട്ടുകയാണ്. മാലിന്യങ്ങൾ ഉത്തരവാദിത്വത്തോടെയല്ലാതെ കൂട്ടി കലർത്തി വലിച്ചെറിയുകയെന്ന ശീലമാണ് പൊതുവെ കാണുന്നത്. ഈ പ്രവണതയാണ് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കുന്നത്. മാലിന്യം എവിടെയാണോ ഉണ്ടാകുന്നത് അവിടെ തന്നെ ജൈവം (അഴുകുന്നത്) അജൈവം (അഴുകാത്തത്) എന്നിങ്ങനെ വേർതിരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഇത് സ്വന്തം വീട്, സ്ഥാപനങ്ങളിൽ തങ്ങളുടെ ഉത്തരവാദിത്വത്തിൽ തന്നെ ചെയ്യണം. ഇവിടങ്ങളിൽ മാലിന്യം ഉത്പാദനം എത്രയും കുറയ്ക്കുകയെന്നത് ശീലമാവണം. അതുപോലെ വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്നവയെല്ലാം പരമാവധി വീണ്ടും ഉപയോഗിക്കുകയും വേണം. അഴുകുന്ന മാലിന്യങ്ങൾ സ്വന്തം വീട്ടിലും സ്ഥാപനത്തിലും കമ്പോസ്റ്റാക്കി മാറ്റണം. വളരെ ചെലവു കുറഞ്ഞ രീതിയിൽ പൂച്ചട്ടി, കലം, പൈപ്പ്, സിമന്റ് റിങ്ങ് എന്നീ സംവിധാനങ്ങളുപയോഗിച്ച് വീടുകളിലെ മാലിന്യം സ്വന്തമായി തന്നെ സംസ്കരിക്കുവാൻ കഴിയും. ഈ കമ്പോസ്റ്റുപയോഗിച്ച് ജൈവ പച്ചക്കറി കൃഷിയുമാകാമല്ലോ.

സ്ഥാപനങ്ങളിൽ ബയോ ബിന്നുകളിൽ കമ്പോസ്റ്റിങ്ങിനായിരിക്കണം എപ്പോഴും മുൻഗണന. മാലിന്യത്തിന്റെ അളവു കൂടുതലുള്ള ഘട്ടങ്ങളിലും ഗ്യാസ് കത്തിച്ച് പ്രയോജനപ്പെടുത്താനും, സ്ളറി കൈകാര്യം ചെയ്യാനും സൗകര്യമുള്ള വീടുകളിലും സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ച് അഴുകുന്ന മാലിന്യം പരിപാലിക്കാം. ഇതിന് ചെലവു കൂടുതലായിരിക്കും. വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി മാലിന്യം പരിപാലിക്കാൻ സൗകര്യമില്ലാത്ത അവസ്ഥയിൽ മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു കമ്പോസ്റ്റിങ്ങ് പ്ളാന്റുകളും ബയോഗ്യാസ് പ്ളാന്റുകളുമൊക്കെ സൗകര്യപ്പെടുത്തേണ്ടത്. അഴുകുന്ന മാലിന്യം എത്രയും വേഗം പരമാവധി ഇരുപത്തിനാലു മണിക്കൂറിനകം കമ്പോസ്റ്റാക്കിയാൽ ദുർഗന്ധം ഉണ്ടാകില്ല. അത് കവറിൽ കൂട്ടി കെട്ടിയിടുമ്പോഴാണ് ദുർഗന്ധം വമിക്കുന്ന വാതകങ്ങൾ ഉണ്ടാകുന്നത്.

അഴുകുന്ന മാലിന്യങ്ങളെപ്പോലെ തന്നെ അഴുകാത്ത മാലിന്യങ്ങളും വലിയ പ്രശ്നമായി വരികയാണ്. അഴുകാത്ത മാലിന്യങ്ങൾ പല സ്വാഭാവമുള്ളതാണ്. പ്ളാസ്റ്റിക് പി.വി.സി, പേപ്പർ, ഗ്ളാസ്സ്, റബർ, ടെട്രാപാക്കുകൾ, ഇരുമ്പ്, കെട്ടിട അവശിഷ്ടങ്ങൾ എന്നിങ്ങനെ ഇവ ഓരോന്നും തരം തിരിച്ച് സൂക്ഷിക്കണം. ഇവയിൽ പലതും വിലയ്ക്ക് വിൽക്കാൻ കഴിയും. ഇവ ഓരോന്നും എടുക്കുന്നത് നാട്ടിലെ വ്യത്യസ്തരായ പാഴ് വസ്തു വ്യാപാരികളാണ്. ഇവരുടെ കൈകളിലേക്ക് പുന:ചംക്രമണത്തിനായി (റീസൈക്ളിങ്ങ്) ഇവ എത്തിക്കുവാനുള്ള നടപടികളാണ് വേണ്ടത്. പ്ളാസ്റ്റിക് ഒരു കാരണവശാലും കത്തിക്കരുതെന്നും അത് കത്തിക്കുമ്പോഴുണ്ടാകുന്ന ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള വാതകങ്ങൾ ശ്വസിക്കുന്നത് മനുഷ്യന് പ്രത്യുത്പാദനശേഷി കുറയ്ക്കുന്നതിനും ക്യാൻസർ പോലുള്ള വൻ ആരോഗ്യ ഭീഷണിയുള്ള രോഗങ്ങൾക്കും, ശ്വാസകോശ രോഗങ്ങൾക്കും കാരണമാകുമെന്നതും ജനങ്ങളെ അറിയിക്കണം.

അഴുകാത്ത മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സൗകര്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കണം. ഇതിന് പല മാതൃകകൾ ആകാം. പാഴ് വസ്തു വ്യാപാരികൾ നേരിട്ട് ഉപഭോക്താവിൽ നിന്നും എടുക്കുന്ന രീതി, വാർഡിലെ നിശ്ചിത കേന്ദ്രങ്ങളിൽ ഉപഭോക്താവ് എത്തിക്കുകയും അവിടെ നിന്നും പാഴ് വസ്തു വ്യാപാരി സ്വീകരിക്കുന്ന രീതി, അതല്ലെങ്കിൽ സംരംഭക യൂണിറ്റുകൾ വീടുകളിൽ നിന്നും ചെറിയ ഫീസ് സ്വീകരിച്ച് സംഭരിക്കുകയും അത് ഒരു റിസോഴ്സ് മെറ്റീരിയൽ റിക്കവറി സെന്ററിൽ എത്തിച്ച് വീണ്ടും തരം തിരിച്ച് ബന്ധപ്പെട്ട പാഴ്‌വസ്തു വ്യാപാരിക്ക് കൈമാറുന്ന രീതി എന്നിങ്ങനെ ഓരോയിടത്തെയും സൗകര്യങ്ങളും സാധ്യതയനുസരിച്ചുള്ള രീതിയും അവലംബിക്കാം. സംരംഭക യൂണിറ്റുകൾക്ക് ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ ദൈനം ദിന പരിപാലനം ചെറിയ ഫീസ് ഈടാക്കി നടത്തി സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യാം.

പ്ളാസ്റ്റിക് കിറ്റുകളുടെയും കവറുകളുടെയും ഉപയോഗം പരമാവധി കുറയ്ക്കേണ്ടതുണ്ട്. 40 മൈക്രോണിൽ കുറവ് ഘനമുള്ള കവറുകളും കിറ്റുകളും തങ്ങളുടെ പരിധിയിൽ വിൽക്കാൻ ഗ്രാമ പഞ്ചായത്തും നഗര സഭകളും അനുവദിക്കരുത്. പ്ളാസ്റ്റിക് കിറ്റിനു പകരം തുണി, ചണം, പോലുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ സഞ്ചികൾ ഉപയോഗിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. ഡിമാന്റ് ഇല്ലാതെ വരുന്ന സാധനങ്ങൾ മാർക്കറ്റിൽ നിന്നും സ്വതവേ അപ്രത്യക്ഷമാകും. 40 മൈക്രോണിൽ കൂടുതലുള്ള കവറുകൾക്കും കിറ്റുകൾക്കും ഉയർന്ന വില നിശ്ചയിച്ച് നടപ്പാക്കിയാൽ അവയുടെ ഉപയോഗം ക്രമേണ കുറയും.

മാലിന്യ പരിപാലനം കേരളീയന്റെ സംസ്കാരമായി മാറുന്ന ഘട്ടത്തിൽ മാത്രമേ കേരളം വൃത്തിയും വെടിപ്പുമുള്ള സംസ്ഥാനമായി മാറുകയുള്ളൂ. അതിന് നമ്മുടെ സമീപനങ്ങളിലും ശീലങ്ങളിലും മനോഭാവത്തിലും വലിയ മാറ്റം ആവശ്യമാണ്. ഇതിനുള്ള ശക്തമായ വിവര വിജ്ഞാന വ്യാപനം ഉചിത രീതിയിൽ തന്നെ നിരന്തരമായി സംഘടിപ്പിക്കേണ്ടി വരും. നോട്ടീസ്, പോസ്റ്റർ, സ്റ്റിക്കർ, ചുവരെഴുത്ത്, റേഡിയോ, ടി.വി.സന്ദേശം, കലാരൂപങ്ങളിലൂടെയുള്ള സന്ദേശം, ഗൃഹ സന്ദർശനവും നേരിട്ടുള്ള സംവാദവും എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികൾ നാനാവിഭാഗം ആളുകളിലും എത്തിച്ച് സ്വയം ബോധ്യപ്പെടുന്ന സ്ഥിതിയാണ് സംജാതമാക്കേണ്ടത്.

ശുചിത്വ-മാലിന്യ പരിപാലന മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനം എടുക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് പൂരകമായി ത്രിതല പഞ്ചായത്തുകൾ സ്വന്തം പ്രോജക്ടുകളും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രോജക്ടുകളും ചേർത്ത് ദീർഘവീക്ഷണത്തോടെ സംയോജിത മാലിന്യ പരിപാലന പ്ളാൻ തയ്യാറാക്കി നിശ്ചിത കാലയളവിനുള്ളിൽ നടപ്പാക്കേണ്ടത് സാമൂഹികാവശ്യമാണ്.●



*സംസ്ഥാന ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) ആണ് ലേഖകൻ*

# പ്ലാസ്റ്റിക് മാലിന്യം നാമെന്ത് ചെയ്യും

സയൻസൺ പുന്നശ്ശേരി

മാലിന്യം സൃഷ്ടിക്കൽ മനുഷ്യന്റെ സഹജ സ്വഭാവവും അത് സംസ്ക്കരിക്കൽ വലിയ കീറാമുട്ടിയുമാണ്. ഒരിക്കൽ ഒരു അധ്യാപകൻ ക്ലാസിൽ പ്ലാസ്റ്റിക് എന്ന വിഷയത്തിൽ കുറിപ്പെഴുതാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു. 99 ശതമാനം പേരും പ്ലാസ്റ്റിക്കിന്റെ ദൂഷ്യങ്ങൾ വിവരിച്ച് പേജുകളോളം എഴുതിക്കൂട്ടി. എന്നാൽ ഒരു മിടുക്കൻ എഴുതിയത്, പ്ലാസ്റ്റിക്ക് ഇല്ലായിരുന്നെങ്കിൽ കാടുണ്ടാവുമോ എന്ന ചോദ്യമാണ്. ഇത് പ്രസക്തമായ ചോദ്യമാണ്. പ്ലാസ്റ്റിക് മനുഷ്യജീവിതവുമായി അത്രയധികം ബന്ധപ്പെട്ടിരിക്കുന്നു. പ്ലാസ്റ്റിക് ചെയറുകളും വാതിലുകളും മറ്റും ഇല്ലായിരുന്നെങ്കിൽ ഇവയെല്ലാം പണിയാൻ എത്ര മരങ്ങൾ മുറിക്കേണ്ടി വരുമായിരുന്നു. പ്ലാസ്റ്റിക്ക് അത്രമേൽ നമുക്ക് ഉപകാരിയാകുമ്പോഴും ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന പ്രവണതയുള്ളിടത്തോളം കാലം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വലിയ പ്രശ്നമാണ് പരിസ്ഥിതിക്കുണ്ടാക്കുന്നത്.

മനുഷ്യവാസമുള്ള എല്ലായിടത്തും പ്ലാസ്റ്റിക്കിന്റെ സാന്നിധ്യമുണ്ട്. ഇടതൂർന്ന വനങ്ങളിൽ പോലും പ്ലാസ്റ്റിക് മാലിന്യത്തിന്റെ കൂട്ടം തന്നെയുണ്ട്. ഇവ ഭക്ഷിച്ച് ആനയും മറ്റ് ജീവികളും ചത്തൊടുങ്ങുന്നത് പതിവ് വാർത്തയായിരിക്കുന്നു. ശബരിമലയുടെ കാടുകളിൽ പോലും ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമായി പ്ലാസ്റ്റിക് മാലിന്യം മാറുകയാണ്.



ആഗോള തലത്തിൽ തന്നെ പ്ലാസ്റ്റിക് ക്യാരി ബാഗ് വിരുദ്ധ ദിനാചരണങ്ങൾ ഇക്കാലത്ത് നടക്കുന്നുണ്ട്.

## പ്ലാസ്റ്റിക്ക് കത്തിക്കൽ

പ്ലാസ്റ്റിക്കിനെ ഒഴിവാക്കാൻ നാം എളുപ്പത്തിൽ ചെയ്യുന്നത് ഇത്തരം മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുക എന്നതാണ്. ഇത് കത്തുമ്പോഴുള്ള പുകയിലും ചാരത്തിലും പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ദോഷം വരുത്തുന്ന കാർബൺ മോണോക്സൈഡ്, ലെഡ് ഡയോക്സിൻ, ഫ്യുറാൻ, വിനൈൽ ക്ലോറൈഡ്, ബെൻസോപൈറിൻ, പോളി ആരോമാറ്റിക് ഹൈഡ്രോകാർബൺ, തുടങ്ങിയ വസ്തുക്കൾ അടങ്ങിയിട്ടുണ്ട്. ഇത് അന്തരീക്ഷത്തിൽ പരക്കുന്നത് ജീവിവർഗ്ഗത്തിന്റെ ആരോഗ്യം നശിപ്പിക്കാനിടയാക്കും. കാൻസർ വ്യാപനത്തിന്റെ ഒരു കാരണം ഇതാണെന്നാണ് ലോകാരോഗ്യ സംഘടന കണ്ടെത്തിയിട്ടുള്ളത്.

## പൊതു ഇടങ്ങൾ മാലിന്യ കേന്ദ്രങ്ങൾ


വീട്ടിലെ മാലിന്യം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സൂക്ഷ്മമായി കെട്ടി വഴിയരികിൽ ഉപേക്ഷിക്കുന്നതിൽ മലയാളിക്ക് ഒട്ടും കുറ്റബോധം തോന്നാറില്ല. മാലിന്യം തൊട്ടരികിൽ നിന്ന് മാറ്റിയാൽ സമാധാനമായി എന്നാണ് നമ്മുടെ വിചാരം. എന്നാൽ ഇത്തരത്തിൽ മണ്ണിൽ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് വായു, സൂര്യപ്രകാശം, ഡിറ്റർജന്റ് എന്നിവയുടെ സാമീപ്യത്തിൽ രാസപ്രവർത്തനത്തിന് വിധേയമാവുകയും ബൈസ്ഫിനേലു, ലെഡ് താലൈറ്റുകൾ എന്നിവ പുറത്തെത്തുകയും ഇവ മണ്ണിലും വായുവിലും കലരുകയും ചെയ്യുന്നു.

## കുഴിച്ചുമൂടൽ

പ്ലാസ്റ്റിക് മാലിന്യം കുഴിച്ച് മൂടുക എന്നതാണ് ചിലർ ചെയ്തുപോരുന്ന പരിഹാര മാർഗ്ഗം. എന്നാൽ പൊട്ടക്കിണറിലും കുഴികളിലും നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഭൂഗർഭ ജലത്തെ പോലും മലിനപ്പെടുത്തുന്നുണ്ട് എന്നതാണ് വസ്തുത. ഇതിനവർ ഉദാഹരിക്കുന്നത് അമേരിക്കയിലെ ലവ് കനാൽ ദുരന്തമാണ്. 1942-1953 കാലങ്ങളിൽ ഹുക്കർ ഇലക്ട്രോ കെമിക്കൽസ് ആന്റ് പ്ലാസ്റ്റിക് കമ്പനി പുറന്തള്ളിയ പ്ലാസ്റ്റിക് മാലിന്യം ലവ് കനാലിൽ നിക്ഷേപിച്ചു. ഇതിന് മുകളിൽ മണ്ണിട്ട് ഇവിടെ കെട്ടിടവും സ്കൂളും നിർമ്മിച്ചു. അവിടെ താമസിച്ചവർക്ക് അർബുദം പോലുള്ള മാരക അസുഖമാണുണ്ടായത്.

## കടലിൽ ഒഴുക്കൽ

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കടലിൽ തള്ളുന്ന രീതിയുണ്ട്. ഇത്തരം മാലിന്യങ്ങളെ സമുദ്ര ജലപ്രവാഹം എന്ന പ്രതിഭാസം ഒന്നിച്ചുചേർക്കുന്നു. ശാന്ത സമുദ്രത്തിൽ ഇത്തരത്തിൽ 'ദി ഗ്രേറ്റ് പസഫിക് ഗാർബേജ് പാച്ച്' എന്ന മാലിന്യ കൂമ്പാരം രൂപപ്പെട്ടിട്ടുണ്ട്. 1997ൽ ക്യാപ്റ്റൻ ചാൾസ് മൂർ എന്ന സമുദ്ര ഗവേഷകനാണ് ഈ പ്രതിഭാസം കണ്ടെത്തിയത്. ഇത് സമുദ്രജീവികൾക്കുണ്ടാക്കുന്ന ദുരിതം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.



**ഇന്ത്യയിൽ 19 ശതമാനം വളർച്ചാനിരക്കുള്ള പ്ലാസ്റ്റിക്ക് വ്യവസായമുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നം വേണ്ടവിധം ചർച്ച ചെയ്യപ്പെടുന്നില്ല. പ്ലാസ്റ്റിക് ഉണ്ടാക്കുന്ന വിപത്ത് സംബന്ധിച്ച് വലിയ അളവിൽ ബോധവത്ക്കരണം ആവശ്യമുണ്ട്.**

## റീ സൈക്കിളിങ്

ശാസ്ത്രീയമായ റീ സൈക്കിളിങ് നമ്മുടേതുപോലുള്ള വികസ്വര രാജ്യങ്ങളിൽ ഇതുവരെ ആരംഭിച്ചിട്ടുപോലുമില്ല. ഇതിന് വലിയ ചെലവ് വരും. വ്യത്യസ്തമായ പോളിമറുകൾ കൊണ്ടാണ് ഓരോ പ്ലാസ്റ്റിക്കും നിർമ്മിച്ചിട്ടുള്ളത്. പലതരത്തിലുള്ള രാസവസ്തുക്കളും പ്ലാസ്റ്റിക്കിലുണ്ട്. ഇവ ശാസ്ത്രീയമായി തരം തിരിക്കൽ ഏറെ പ്രയാസമേറിയ ജോലിയാണ്. അതുകൊണ്ട് തന്നെ ലോകത്ത് നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ ഒരു ശതമാനം മാത്രമാണ് റീസൈക്കിളിങ്ങിന് വിധേയമാക്കപ്പെടുന്നത്.

## ഇൻസിനേഷൻ

ഉപേക്ഷിച്ച പ്ലാസ്റ്റിക് ഇല്ലാതാക്കാൻ ഇൻസിനിറേറ്ററുകളാണ് വ്യാപകമായി ഉപയോഗിക്കുന്നത്. എന്നാൽ ഇതിൽ നിന്നും പുറത്തുവരുന്ന പുകയിലും ചാരത്തിലും സുരക്ഷാപരിധിക്കപ്പുറം ഡയോക്സിൽ, ഫ്യൂറാൻ എന്നീ വിഷ വസ്തുക്കൾ അടങ്ങിയിട്ടുണ്ട്.

## പ്ലാസ്മ ഗ്യാസിഫിക്കേഷൻ

വികസിത രാജ്യങ്ങളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്ന മാർഗ്ഗമാണിത്. ഉയർന്ന ഊഷ്മാവിൽ പ്രവർത്തിക്കുന്ന പ്ലാസ്മ ഗ്യാസിഫിക്കേഷൻ പ്ലാന്റുകൾക്ക് കൂടുതൽ വൈദ്യുതിയും മുതൽ മുടക്കും ആവശ്യമുണ്ട്.

## ലാന്റ് ഫില്ലിങ്

ഉപേക്ഷിച്ച ഖനികൾ, ക്വാറികൾ എന്നിവ നികത്തിയെടുക്കാൻ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുന്ന പ്രവണതയുണ്ട്. എന്നാൽ മിക്കവാറും ഇത്തരം താഴ്ന്ന ഇടങ്ങളിൽ ഇതിനകം തന്നെ പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞു കവിഞ്ഞതിനാൽ പുതിയതിനായുള്ള നെട്ടോട്ടത്തിലാണ് വികസിത രാജ്യക്കാർ. ഭൂഗർഭ ജലം മലിനപ്പെടുത്തുമെന്ന ദോഷം ഇതിനുമുണ്ട്.

### പ്ലാസ്റ്റിക് തിന്നുന്ന ബാക്ടീരിയ

ജനിതക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക് ഭക്ഷിക്കുന്ന ബാക്ടീരിയയെ വികസിപ്പിച്ചെടുക്കുന്നതിൽ ശാസ്ത്രലോകം വിജയിച്ചിട്ടുണ്ട്. കാലിഫോർണിയയിലെ ഡാനിയേൽ ബേർഡ്, തായ്‌വാനിലെ സെങ്, ചിങ് എന്നീ വിദ്യാർത്ഥികൾ ഇത്തരം ബാക്ടീരിയയെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ എല്ലാത്തരം പ്ലാസ്റ്റിക്കിനെ തിന്നാനൊന്നും ഈ ബാക്ടീരിയക്ക് കഴിവില്ല. കൂടാതെ ഇത്തരം ബാക്ടീരിയകൾ പുറന്തള്ളുന്ന കാൻസറിന് കാരണമാവുന്ന ബെൻസിൻ, സ്റ്റെറിൻ എന്നീ പദാർത്ഥങ്ങൾ ജീവവർഗ്ഗത്തിന് ഭീഷണിയാണ്.

### പരിഹാരം

മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന രീതിക്ക് പ്രാമുഖ്യം നൽകി നിരവധി ഇടപെടലുണ്ടാക്കുക എന്നതാണ് പ്രധാനം. വ്യാവസായിക ആവശ്യത്തിനുള്ള ഹൈഡ്രജൻ, ഹൈഡ്രോകാർബൺ, കാർബൺ ബ്ലാക് എന്നിവ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിക്കാനാവും. മാലിന്യത്തിൽ നിന്ന് ഊർജം ലഭിക്കുന്ന അഡ്വാൻസ് തെർമൽ ടെക്നോളജി വികസിത രാജ്യങ്ങൾ വികസിപ്പിച്ചുകഴിഞ്ഞു.

ജപ്പാനിലെ ക്ലീൻസ് അഡ്വാൻസ്ഡ് തെർമൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ പ്രതിദിനം 50 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് നാല് മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഒരു ടൺ പ്ലാസ്റ്റിക്കിൽ നിന്ന് 950 ലിറ്റർ ഇൻഡസ്ട്രിയൽ ഡീസലും ജപ്പാൻ നിർമ്മിക്കുന്നുണ്ട്. ജർമ്മനി, ബ്രിട്ടൺ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യം ഉപയോഗിച്ച് വ്യാപകമായി റെയിൽവേ സ്ലീപ്പർ നിർമ്മിക്കുന്നുണ്ട്. ഒരു മൈൽ തടികൊണ്ടുള്ള സ്ലീപ്പർ നിർമ്മിക്കാൻ 810 നല്ല ഓക്ക് മരം വേണം. എന്നാൽ 8.9 ബില്ല്യൺ പ്ലാസ്റ്റിക് കുപ്പികൾ, രണ്ട് മില്ല്യൺ പ്ലാസ്റ്റിക് ക്യാരിബാഗുകൾ 800 പഴയ ടയർ എന്നിവ ഉപയോഗിച്ച് ഇത്രയും ദൂരത്തേക്കുള്ള സ്ലീപ്പർ പണിയാം.

ഇന്ത്യയിൽ 19 ശതമാനം വളർച്ചാനിരക്കുള്ള പ്ലാസ്റ്റിക്ക് വ്യവസായമുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നം വേണ്ടവിധം ചർച്ച ചെയ്യപ്പെടുന്നില്ല. പ്ലാസ്റ്റിക് ഉണ്ടാക്കുന്ന വിപത്ത് സംബന്ധിച്ച് വലിയ അളവിൽ ബോധവത്ക്കരണം ആവശ്യമുണ്ട്. അത്യാവശ്യത്തിന് മാത്രം പ്ലാസ്റ്റിക് ഉപയോഗിക്കുക എന്ന തരത്തിലേക്ക് ഓരോ മനുഷ്യനും മാറേണ്ടതുണ്ട്.●

# വരവായി... പൊൻമണി കർമ്മസേന



തങ്കം വർഗ്ഗീസ്

മാമലനാടിന്റെ വയലേലയിൽ
സ്വർണക്കതിരുകൾ വിളയിക്കാൻ സമയമായി
മണ്ണ് മറന്നൊരാ മാമലനാടിന്റെ
മാനസം മാറുവാൻ സമയമായി
പച്ച പുതപ്പിക്കാൻ... അന്നം വിളയിക്കാൻ
ഭക്ഷ്യസുരക്ഷക്ക് സമയമായി
തരിശായ പാടങ്ങൾ കൊയ്തെടുക്കാൻ ഇതാ
വരവായി പൊൻണി കർമ്മസേന

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമാന്തരങ്ങളിൽ ഇനിയും നശിക്കാത്ത കാർഷിക സംസ്കാരത്തിന്റെ അവശിഷ്ടമെന്നോണം ശേഷിക്കുന്ന വയലേലകളിൽ യന്ത്രമുപയോഗിച്ച് ഞാറു നടുന്ന പൊൻമണി ലേബർ ബാങ്കിന്റെ പ്രവർത്തകർ ഈണത്തിൽ പാടുന്ന ഗാനശകലങ്ങളാണിത്.

മഹിളാകിസാൻ സശാക്തീകരൺ പദ്ധതിയുടെ ഉപപദ്ധതിയായി തയ്യാറാക്കിയ നെൽകൃഷി പുനരുദ്ധാരണത്തിന് വനിതാ ലേബർ ബാങ്ക് എന്ന പദ്ധതിയുടെ കീഴിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ മാതൃകയായി നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായാണ് ഒല്ലൂക്കര ബ്ലോക്കിൽ പൊൻമണി വനിതാ ലേബർ ബാങ്ക് രൂപീകരിച്ചത്.

മുൻവർഷങ്ങളിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ 25 ദിവസം മുതൽ 40 ദിവസം വരെ പണിയെടുത്തവരും 50 വയസ്സിനു താഴെ യുള്ളവരുമായ സ്ത്രീ തൊഴിലാളികളെയാണ് ഇതിലേക്ക് തെരഞ്ഞെടുത്തത്. ആദ്യ





ഘട്ടമായി 45 പേരെ രജിസ്റ്റർ ചെയ്യുകയും വടക്കാഞ്ചേരി ഗ്രീൻ ആർമിക്കുകീഴിൽ പരിശീലനത്തിനയക്കുകയും ചെയ്തു. ഫീൽഡ് തല പരിശീലനവും ഇവർക്കു നൽകി. ഞാറ്റടി തയ്യാറാക്കൽ, ഞാറു പാകൽ, യന്ത്രമുപയോഗിച്ചുള്ള ഞാറു നടീൽ, യന്ത്രത്തിന്റെ റിപ്പയറിംഗ് ഉൾപ്പെടെ സമഗ്രമായ പരിശീലന പരിപാടിയാണ് നൽകിയത്. പരിശീലനശേഷം 26 പേർ ലേബർ ബാങ്ക് രൂപീകരിക്കുന്നതിനായി മുന്നോട്ട് വന്നു. ഇതിൽ നിന്ന് 13 പേരെ ഭാരവാഹികളായി തെരഞ്ഞെടുക്കുകയും സമിതിയെ ''പൊൻമണി'' എന്ന പേരിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തു.

എം.കെ.എസ്.പി. പദ്ധതിയുടെ കീഴിൽ അഞ്ച് ഞാറുനടീൽ യന്ത്രങ്ങൾ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചു കഴിഞ്ഞു. ഈ യന്ത്രമുപയോഗിച്ച് പുത്തൂർ ഗ്രാമ പഞ്ചായത്തിന്റെ പാടശേഖരങ്ങളിൽ പൊൻമണിയുടെ പ്രവർത്തകർ പൊൻകതിർ വിളയിക്കാൻ കഠിനപ്രയത്നം ചെയ്യതുകൊണ്ടിരിക്കുകയാണ്.

ഞാറു നടീലിനു പുറമേ കളപറിക്കൽ, വളപ്രയോഗം, കീടനാശിനി പ്രയോഗം, കൊയ്ത്ത്, മെതി എന്നീ പ്രവർത്തനങ്ങളും ലേബർ ബാങ്കിന്റെ പരിഗണനയിലുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ കാർഷിക മേഖലയിലേക്ക് സന്നിവേശിപ്പിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങളുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും പൂർണ്ണമായ പിന്തുണയോടെ വനിതകളുടെ കർമ്മസേന നെൽകൃഷി പുനരുദ്ധാരണത്തിനായി അരയും തലയും മുറുക്കി രംഗത്തിറങ്ങി ക്കഴിഞ്ഞു. പൊൻമണി വനിത ലേബർ ബാങ്കിന്റെ പ്രവർത്തനോദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നന്ദൻ കുന്നത്ത് നിർവ്വഹിച്ചു. എം.കെ.എസ്.പി പദ്ധതിയുടെ മൂന്ന് ജില്ലകളുടേയും ചുമതലക്കാരനായ ചീഫ് എക്സീക്യൂട്ടീവ് ഓഫീസർ വി.എസ് സന്തോഷ് കുമാർ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ല ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്റർ സി. ചന്ദ്രബാബു, ജില്ലാ വനിതാക്ഷേമ ഓഫീസർ എം. മിനി എന്നിവർ മുഖ്യാതിഥികളായിരുന്നു.

വനിത ലേബർ ബാങ്കിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് ഈ കർമ്മസേനയെ നെൽകൃഷിയുടെ ചങ്ങാതി കൂട്ടങ്ങളാക്കി മാറ്റി. അന്യം നിന്നുപോയ നെൽപാടങ്ങളിൽ പൊൻകതിർ വിളയിക്കുന്ന ഒരു പുത്തൻ സംസ്കാരത്തിന്റെ പദനിസ്വനത്തിന് കാതോർത്ത്; നിതാന്ത ജാഗ്രതയോടെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വി.ജി പുഷ്കരന്റെ നേതൃത്വത്തിലുള്ള ഔദ്യോഗിക സംവിധാനവും പദ്ധതിയുടെ വിജയത്തിനായി സദാ പ്രവർത്തന നിരതരാണ്.●



*ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് വനിതാക്ഷേമ ഓഫീസറാണ് ലേഖിക*



**ഇലക്ഷനിൽ വോട്ടു രേഖപ്പെടുത്തുന്നതുപോലെതന്നെ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടതും പൗരന്റെ ഉത്തരവാദിത്വമാണ്. പൗരൻ തന്റെ ധർമ്മം നിർവ്വഹിക്കുമ്പോൾ മാത്രമാണ് ശക്തവും കഴിവുറ്റതുമായ സമൂഹം രൂപപ്പെടുന്നത്.**

# ഗാന്ധിജി പൗരധർമ്മം പഠിപ്പിച്ച വികസന നായകൻ

ആർ. ഷൈനി

സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും പോലെ തന്നെ ഭാരതീയരുടെ മനസ്സിൽ ദേശസ്നേഹവും ത്യാഗവും ഓർമ്മപ്പെടുത്തുകയും ദേശാഭിമാനം ഊട്ടി ഉറപ്പിക്കുകയും ചെയ്യുന്ന സമയമാണ് ഗാന്ധി ജയന്തി വാരാഘോഷം. ഈ വേളയിൽ ഇന്ത്യാചരിത്രം ഓർമ്മിക്കുകയും ചരിത്ര പുരുഷന്മാരുടെ ത്യാഗ സ്മരണകളെ പുതുക്കുകയും ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങളും സ്കൂളുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉണർന്ന് സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വാരം കൂടിയാണിത്. ഓരോ പൗരനും രാഷ്ട്രപിതാവിനോടുള്ള ആദരവും രാജ്യസ്നേഹവും പ്രകടിപ്പിക്കുന്നത് വാരാഘോഷത്തിൽ പങ്കാളികളാകുന്നതിലൂടെയാണ്. എന്നാൽ മുൻകാലങ്ങളിൽ സർവ്വ സ്ഥാപനങ്ങളും ശുചീകരണത്തിലും കലാകായിക മത്സരങ്ങളിലും ഭക്ഷണവിതരണത്തിനും മറ്റും കാണിച്ചിരുന്ന സഹകരണവും ഉത്സാഹവും ആത്മാർത്ഥതയും കൂടിയോ കുറഞ്ഞോ എന്ന് ആത്മപരിശോധനയ്ക്ക് വിധേയമാക്കുന്നത് നന്നായിരിക്കും. ഗ്രാമങ്ങളിൽ ജനങ്ങളുടെ ആത്മാർത്ഥ സമീപനം ഏറുകയും നഗരങ്ങളിൽ കുറയുകയും ചെയ്യുന്ന പ്രവണതയെ ജനസംഖ്യയും സൗകര്യങ്ങളും ഉയരുന്നതിലൂടെയുണ്ടാകുന്ന വിപരീത ഫലമായിട്ടു വ്യാഖ്യാനിക്കാം. ഗ്രാമങ്ങളെല്ലാം നഗരങ്ങളായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഭാവിയിലുണ്ടാകുന്ന പെരുമാറ്റ പ്രവർത്തന മാറ്റങ്ങൾ പ്രവചനാതീതമാണ്.

## പൗരധർമ്മം

രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് പുരാതന ഗ്രീസിലാണ് പൗരധർമ്മം എന്ന ആശയം ഉടലെടുത്തത്. അവകാശങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ ഒരു രാജ്യത്തിന് ഓരോ പൗരന്മാരോടും ഉള്ളതുപോലെ ഓരോ പൗരനും തന്റെ രാജ്യത്തോടും കടമകളും ഉത്തരവാദിത്വങ്ങളുമുണ്ട്. സുരക്ഷിതത്വം, തുല്യത, ആനുകൂല്യങ്ങൾ എന്നിവ ഓരോ പൗരനും ഭരണഘടനാപരമായി തന്നെ ലഭ്യമാകുന്നു. ഇത്തരത്തിൽ രാജ്യത്തിന്റെ നിയമങ്ങൾ



പാലിക്കുന്നതിലും നികുതി ഒടുക്കുന്നതിലും വിദ്യാഭ്യാസം ചെയ്യുന്നതിനും അനാചാരങ്ങളിൽ നിന്നും ശത്രുതയിൽ നിന്നും സ്വന്തം രാജ്യത്തെ സംരക്ഷിക്കുന്നതിനും ദേശീയോദ്ഗ്രഥനം കാത്തുസൂക്ഷിക്കുന്നതിനും ഓരോ പൗരനും ബാധ്യസ്ഥനാണ്. ഇലക്ഷനിൽ വോട്ടുരേഖപ്പെടുത്തുന്നതുപോലെതന്നെ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടതും പൗരന്റെ ഉത്തരവാദിത്വമാണ്. പൗരൻ തന്റെ ധർമ്മം നിർവ്വഹിക്കുമ്പോൾ മാത്രമാണ് ശക്തവും കഴിവുറ്റതുമായ സമൂഹം രൂപപ്പെടുന്നത്.

പൊതുസൗകര്യങ്ങളായ റോഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുളങ്ങൾ, ഓഫീസുകൾ, യാത്രാമാധ്യമങ്ങൾ, പൊതുവിതരണ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ എന്നിവ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി നടപ്പിൽ വരുത്തുമ്പോൾ ഇവയോരോന്നും ശുചിയായും വൃത്തിയായും കേടുപാടുകൾ വരുത്താതെയും പരിപാലിച്ചു സംരക്ഷിക്കേണ്ടത് ഓരോ പൗരനുമാണ്. വഴിയരികിൽ കാണുന്ന കുളവും സമീപത്തുകൂടി ഒഴുകുന്ന പുഴയും പൊതുസ്വത്താണെന്ന ബോധം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഭൂമിയിൽ പ്രകൃത്യാ ഉണ്ടായ എന്തും ഭാവി തലമുറയുടെ കൂടി സ്വത്താണ് എന്ന അറിവ് ഇനിയും വളരണം. ഭരണസംവിധാനത്തിന്റെ ഇച്ഛാശക്തി മാത്രമല്ല പൗരന്റെ സഹകരണവും ഇതിനാവശ്യമാണ്. കൂടിവരുന്ന സ്വാർത്ഥ മനോഭാവവും കൂടുതൽ സൗകര്യങ്ങളിലേക്കുള്ള ആഗ്രഹവും ഗുണത്തെക്കാളേറെ ദോഷങ്ങളെ വരുത്തൂ. വിദ്യാസമ്പന്നമായ ഒരു സമൂഹത്തിൽ നിന്നും രാജ്യം വളരെയധികം പ്രതീക്ഷിക്കുന്നുണ്ട്. ആരോഗ്യമേഖലയിലെ സേവനങ്ങളിലും സ്ത്രീ ശാക്തീകരണത്തിലും പൊതുവിതരണ സംവിധാനത്തിലും ത്രിതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും വിദ്യാഭ്യാസ മേഖലയിലെ ഉയർച്ചയിലും എല്ലാം കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇക്കാര്യങ്ങളെല്ലാം ഭാരതത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും മുതൽ കൂട്ടാണ്.

വികസനത്തിന്റെയും വളർച്ചയുടെയും പടവുകൾ തരണം ചെയ്യുമ്പോഴും ആശങ്കാജനകമായ സ്ത്രീ സുരക്ഷിതത്വവും പട്ടിണിയും പോഷകക്കുറവും മൂലമുണ്ടാകുന്ന മരണങ്ങളും പകർച്ച വ്യാധി പോലെ പടർന്നു കയറുന്ന സ്ത്രീധന സമ്പ്രദായവും വൃദ്ധ മാതാപിതാക്കളെ അനാഥാലയങ്ങളിലും തെരുവിലും ഉപേക്ഷിക്കുന്ന പ്രവണതയും സമൂഹ മനസ്സിന്റെ സങ്കീർണ്ണതകളിലേക്ക് വിരൽ ചൂണ്ടുകയും സംസ്ഥാനത്തിന് തീരാ കളങ്കം നേടിക്കൊടുക്കുകയും ചെയ്യുന്നു.

# വിജയഗാഥ

മുഖത്തല ബ്ളോക്ക്



### ഗാന്ധി ജയന്തി

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിവയൊഴികെ ദേശീയതലത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഏക പൊതു അവധി ദിനമാണ് മഹാത്മാജിയുടെ ജന്മദിനമായ ഒക്ടോബർ രണ്ട്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഈ അവധി ബാധകമാക്കിയിട്ടുണ്ട്. ഐക്യ രാഷ്ട്ര സഭ ഈ ദിനത്തെ അന്താരാഷ്ട്ര അഹിംസാ ദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ന്യൂഡൽഹിയിലെ മഹാത്മാജിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിലും പൊതുസ്ഥാപനങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഔദ്യോഗിക കേന്ദ്രങ്ങളിലും പുഷ്പാർച്ചനകളും പ്രാർത്ഥനാ യോഗങ്ങളും അനുസ്മരണ യോഗങ്ങളും സംഘടിപ്പിച്ച് ആ ദിവസം അവിസ്മരണീയമാക്കാറുണ്ട്. മഹാത്മാജി ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന പ്രാർത്ഥനാഗീതം "രഘുപതി രാഘവ രാജാറാം" ഭാരതത്തിലുടനീളം മുഴങ്ങിക്കേൾക്കും.



ശാന്തിയും സമാധാനവും രാജ്യത്തുടനീളം പുലരാൻ ഓരോ പൗരനും പ്രതിജ്ഞാബദ്ധരാകും. ജനനന്മക്കുതകുന്ന ക്ഷേമപദ്ധതികളും നൂതന പദ്ധതികളുടെ പ്രഖ്യാപനവും വികസന പ്രവർത്തനങ്ങളുടെ ആരംഭവും ഗാന്ധി ജയന്തി ദിനത്തെ അനശ്വരമാക്കും. പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ ജനതയുടെ സാമ്പത്തിക ഉയർച്ചയും മാലിന്യം കുന്നുകൂടാത്ത നഗരങ്ങളും മലിനജലം ഒഴുകാത്ത നദികളും ദുർഗന്ധം വമിക്കാത്ത ഓടകളും പട്ടിണിക്കിടക്കാത്ത മനുഷ്യരും വൃത്തിയുള്ള പരിസരവും ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ ഉയർച്ചയും സാങ്കേതിക തികവും രാജ്യത്തിന് വന്നുചേരും. ഗ്രാമസ്വരാജ് എന്ന മഹാത്മാജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് രാജ്യം യാഥാർത്ഥ്യത്തോടടുക്കുന്നത് ഭരണ സംവിധാനത്തിനും ഓരോ പൗരനും അഭിമാനിക്കാവുന്നതാണ്.

### ഗ്രാമസ്വരാജ്

ഗ്രാമഗ്രാമാന്തരങ്ങളിലൂടെയുള്ള മഹാത്മാജിയുടെ യാത്രകളും ഉണ്ടായ അനുഭവങ്ങളും കണ്ടെത്തലുകളുമാണ് ഗ്രാമസ്വരാജ് എന്ന ഉൾക്കാഴ്ചയെ ഉണർത്തിയത്. സാധാരണ ജീവിതവും ഉയർന്ന ചിന്തകളുമാണ് ഭാരതത്തിന്റെ ഉയർച്ചയ്ക്കാവശ്യമെന്നും യഥാർത്ഥ അധികാരം ജനങ്ങളിലാണ് കുടികൊള്ളുന്നതെന്നും ഗാന്ധിജി വിശ്വസിച്ചു. വ്യക്തികളും സമൂഹവും ഭരണസംവിധാനവും ഒരുമിച്ചു പങ്കാളികളായ സ്വന്തം നാടാണ് ഗ്രാമസ്വരാജ്. രാഷ്ട്രീയ അധികാര വികേന്ദ്രീകരണവും ഇതിലൂടെ വിഭാവനം ചെയ്തിരുന്നു. അധികാരം ജനങ്ങളിലേക്കെത്തുമ്പോഴാണ് ജനായത്ത ഭരണം അർത്ഥവത്താകുന്നത് എന്ന് ഗാന്ധിജി വിശ്വസിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിന്ന സ്ത്രീകൾക്കും ദരിദ്രർക്കും പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തിനും തുടങ്ങി ഏതൊരു സാധാരണക്കാരനും തങ്ങളുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് ഗ്രാമസ്വരാജ് പ്രാവർത്തികമാക്കിയ പഞ്ചായത്തീരാജിലൂടെ നടപ്പിൽ വന്നു. അധികാരം ജനങ്ങളിലേക്കെത്തിച്ചേർന്നത് ഗ്രാമ സഭകളിലൂടെയാണ്. ഓരോ പ്രദേശത്തിന്റെയും സാമൂഹിക, സാമ്പത്തിക ഉയർച്ചയ്ക്കും ക്ഷേമത്തിനും ഉള്ള പദ്ധതികൾ തയ്യാറാക്കുന്നത് ഗ്രാമ സഭയുടെ ആവശ്യാനുസരണം അതാത് പഞ്ചായത്തുകളാണ്. വികേന്ദ്രീകൃത ആസൂത്രണവും വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ഏറ്റവും പ്രമുഖ പങ്ക് പഞ്ചായത്തുകൾക്കാണ്.

**സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിന്ന സ്ത്രീകൾക്കും ദരിദ്രർക്കും പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തിനും തുടങ്ങി ഏതൊരു സാധാരണക്കാരനും തങ്ങളുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് അവസരം കൈവന്നു.**

ഓരോ ഗ്രാമത്തിനും സ്വയം ഭരണം, സദ് ഭരണം, ഭക്ഷ്യസുരക്ഷ, പാർപ്പിടം, വസ്ത്രം, ശുദ്ധജലം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സകല അടിസ്ഥാന ആവശ്യങ്ങളിലും പ്രതിരോധം പൊതു സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിലും പരിപൂർണ്ണമായ സ്വയം പര്യാപ്തതയാണ് ഗ്രാമസ്വരാജിലൂടെ ഗാന്ധിജി വിഭാവനം ചെയ്തത്. പ്രാദേശിക വികസനത്തിലൂടെ സാമൂഹിക നീതിയും സാമ്പത്തിക ഉന്നമനവും ഗ്രാമീണ ജനതയ്ക്ക് ലഭ്യമാകും. ഓരോ ഗ്രാമവും സ്വയം

# ഒരു സ്വപ്നക്കൂട്

എം.എസ് അനിൽകുമാർ



**കൊ**ല്ലം ജില്ലയുടെ തെക്കു കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നതും തിരുവനന്തപുരം ജില്ലയുടെ അതിർത്തി പങ്കിടുന്ന പ്രദേശവുമായ ഇത്തിക്കര യോട് ചേർത്ത് കിടക്കുന്ന സ്ഥലമാണ് മുഖത്തല ബ്ളോക്ക് പഞ്ചായത്ത് . അഞ്ച് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന മുഖ ത്തല ബ്ളോക്കിന്റെ കിഴക്ക് ഭാഗത്താണ് നെടുമ്പന ഗ്രാമം സ്ഥിതി ചെയ്യുന്നത്.

കശുവണ്ടി തൊഴിലാളികളും ഇഷ്ടിക തൊഴിലാളികളും കർഷക തൊഴിലാളി കളും അധിവസിക്കുന്ന നെടുമ്പന ഗ്രാമ ത്തിലെ പള്ളിമൺ ദേശത്ത് വട്ടവിള പുത്തൻ വീട്ടിൽ അബ്ദുൾ കരീമി ന്റെ മകൻ സെയ്ഫുദീന്റേ യും ഭാര്യ നസീമാ ബീവി യുടേയും ചിരകാല സ്വപ്നമായിരു ന്നു കാൽ നിവ ർത്തി വച്ച് കിട ന്നുറങ്ങാൻ ഒരു കൂര എന്നത്.

പച്ചമൺകട്ട കെട്ടി ഷീറ്റ് മേഞ്ഞ കുടിലി ലാണ് ആ നാലംഗ കുടുംബം കഴിഞ്ഞു വന്നത്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ വിദ്യാർത്ഥികളായ രണ്ട് മക്കളുടെ വിദ്യാ ഭ്യാസ ചെലവും സൈക്കിൾ ലോഡ് തൊഴിലാളിയായ സെയ്ഫുദീന്റേയും കശുവണ്ടി തൊഴിലാളിയായ ഭാര്യ നസീമയുടേയും മുന്നിൽ ഒരു ചോദ്യചിഹ്നമായി മാറി. അതിനിട യിലാണ് നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ ഐ.എ. വൈ ഗുണഭോക്താ ക്കളുടെ മുൻഗണ നാ ലിസ്റ്റിൽ സെയ്ഫുദ്ദീ ന്റേയും കുടുംബത്തിന്റേയും പേര് ഉൾ പ്പെട്ട് വരുന്നത്.

സാമ്പത്തിക പരാധീനതയാൽ നട്ടം തിരിയുന്ന സെയ്ഫുദ്ദീൻ ഗ്രാമപഞ്ചായ ത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റ ൻഷൻ ഓഫീസിൽ വരികയും ഐ.എ. വൈ ഗുണഭോക്താക്കൾക്കുവേണ്ടി നട ത്തുന്ന ബോധവൽകരണ ക്ളാസ്സിൽ പങ്കെടുക്കാൻ വി.ഇ.ഒ മാർ നിർദ്ദേശിക്കു കയും ചെയ്തു. ബോധവത്കരണ ക്ളാസ്സിൽ പങ്കെടുത്ത ശേഷമാണ് സെയ്ഫുദ്ദീന് ആത്മവിശ്വാസവും കൈ വരുന്നത്. അർപ്പണ ബോധവും ഇച്ഛാ ശക്തിയും ആത്മവിശ്വാസവും ഒത്തു ചേർന്നപ്പോൾ ബ്ളോക്കിൽ നിന്ന് നാല് ഗഡുക്കളായി ലഭിച്ച രണ്ടു ലക്ഷം രൂപ കൊണ്ട് തന്റെ ജീവിതാഭിലാഷമായ സ്വപ്ന ഭവനം നിർമ്മിക്കാൻ സെയ്ഫു ദ്ദീന് കഴിഞ്ഞു.●

*ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറാണ് ലേഖകൻ*

---

പര്യാപ്തി കൈവരിച്ചെങ്കിലേ ഇന്ത്യ പരിപൂർണ്ണ സ്വാതന്ത്ര്യം പ്രാപിക്കൂ എന്നതാണ് സ്വരാജ് തത്വം. പൂർണ്ണ സമർപ്പണവും ആത്മ വിശ്വാസവും കൈമുതലാക്കി അഹിംസയും അക്രമരാഹിത്യവും ആയുധമാക്കി അധികാര ശക്തികളുടെ കൈപിടിയിൽ നിന്നും ഇന്ത്യാ മഹാരാജ്യത്തെ സ്വതന്ത്രമാക്കിയ മഹാത്മാവിന്റെ ജന്മാഘോഷങ്ങൾ പൂർണ്ണ ഗ്രാമ സ്വരാജിലേക്ക് രാജ്യത്തിന് വഴികാട്ടിയാകേണ്ടതാണ്. സ്വരാജിന്റെ ഭാഗമായ വികേന്ദ്രീകൃത ആസൂത്രണവും ത്രിതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പ്രാവർത്തികമായതിലൂടെ ഉയർച്ചയുടെയും വളർച്ചയുടെയും വാതായനങ്ങൾ തുറന്നുകിട്ടിയിരിക്കുന്നത് കൂടുതലും സ്ത്രീകൾക്കും ഗ്രാമീണ ജനതയ്ക്കുമാണെന്നതിൽ തർക്കമുണ്ടാവില്ല. കേരളത്തിലുണ്ടായ വികസന മാറ്റം മറ്റു സംസ്ഥാനങ്ങളിലും പ്രാവർത്തികമായെങ്കിൽ മാത്രമേ ഗ്രാമസ്വരാജ് പരിപൂർണ്ണമാകുകയുള്ളു.●

*ഗ്രാമവികസന കമ്മിഷണറേറ്റിലെ സംസ്ഥാന കോ-ഓർഡിനേറ്റർ (വനിതാ ശിശു വികസനം) ആണ് ലേഖിക*

# കൃഷിയിടങ്ങളിലെ പാഴ്‌വസ്തുക്കൾ ചിപ്പിക്കൂൺ കൃഷിക്ക് അനുയോജ്യം

ഡോ. ആർ.ചന്ദ്രമോഹനൻ



**പ്രധാന ഉൽപന്നത്തിന് വിലയിടിവുണ്ടാകുമ്പോൾ കൃഷിയിടങ്ങളിലെ പാഴ് വസ്തുക്കളിലുള്ള കൂൺ കൃഷി ഒരു അനുഗ്രഹമായി മാറുന്നു. ഒരു മാധ്യമത്തെ മാത്രം ആശ്രയിക്കാതെ കൃഷിയിടങ്ങളിൽ നിന്നും കിട്ടുന്ന എല്ലാ പാഴ് വസ്തുക്കളും കൂൺ കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നല്ലൊരു സമീപനമായിരിക്കും.**

മഴക്കാലം ആരംഭിക്കുന്നതോടെ കൃഷിയിടങ്ങളിലും വനപ്രദേശങ്ങളിലും മറ്റും മുളച്ചുവരുന്ന അനേകം ഇനം കൂണുകളിൽ ഭക്ഷ്യയോഗ്യമായവയെ പരിചയസമ്പന്നരായവർക്ക് മാത്രമേ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. പോഷക സമൃദ്ധവും ഔഷധപ്രധാന്യവുമുള്ള കൂണുകൾ നമ്മുടെ ആവശ്യാനുസരണം വർഷത്തിലുടനീളം കിട്ടണമെന്നുണ്ടെങ്കിൽ അവകൃഷി ചെയ്യുകതന്നെ വേണം. ഇന്ത്യയിൽ 1965–ൽ വ്യാവസായികാടിസ്ഥാനത്തിൽ കൂൺ കൃഷി ആരംഭിച്ചുവെങ്കിലും ഇവ വളർത്തുന്നതിനാവശ്യമായ മാധ്യമങ്ങൾ ധാരാളമായി ലഭിക്കുന്ന നമ്മുടെ നാട്ടിൽ കൂൺ കൃഷിക്ക് അത് അർഹിക്കുന്ന പ്രധാന്യം ഇപ്പോഴും കിട്ടിയിട്ടില്ല. മറ്റ് പച്ചക്കറികളെപ്പോലെ എല്ലാ മുക്കിലും മൂലയിലും കൂൺ സുലഭമാകുന്നകാലം

വിദൂരമല്ല എന്ന് കരുതാം. കേരളത്തിലെ കാലാവസ്ഥക്ക് അനുയോജ്യമായ ചിപ്പി കൂണും (Pleurotus sp.) പാൽകൂണും (Calocybe indica) വീട്ടാവശ്യത്തിനും വ്യവസായിക അടിസ്ഥാനത്തിലും കൃഷി ചെയ്യാവുന്നതാണ്. വളരെ ലളിതമായ കൃഷിരീതി, നല്ല വിളവ്, കുറഞ്ഞ ഉൽപ്പാദനചിലവ്, വേഗം ആദായം ലഭിക്കുന്ന മറ്റു കൃഷികളുടെ അത്രയും കഠിനാദ്ധ്വാനം ആവശ്യമില്ല എന്നിങ്ങനെയുള്ള പല കാരണങ്ങളാണ് കൂടുതൽ ആളുകളെ പ്രത്യേകിച്ചും സ്ത്രീകളെ ചിപ്പികൂൺ കൃഷിയിലേക്ക് ആകർഷിക്കുന്നത്. ചിപ്പി കൂൺ കൃഷിക്ക് നല്ലൊരു മാധ്യമമായി വൈക്കോൽ ഉപയോഗിക്കുന്നുണ്ടെങ്കിലും ഇതിന് നല്ല വിലകൊടുക്കണമെന്ന് മാത്ര മല്ല എല്ലായിടത്തും ഇഷ്ടാനുസരണം കിട്ടാനുമില്ല അതുകൊണ്ട്, കൂൺ കൃഷി ലാഭകരമാക്കുന്നതിന് ഒരോ പ്രദേശത്തും സുലഭമായ മറ്റു മാധ്യമങ്ങളെ ആശ്രയിക്കാവുന്നതാണ്. കരിമ്പിൻചണ്ടി, കുല എടുത്തിട്ട് അവശേഷിക്കുന്ന വാഴയുടെ ഭാഗങ്ങൾ, അറക്കപ്പൊടി, കമുങ്ങിൽ നിന്നും പൊഴിഞ്ഞ് വീഴുന്ന ഓല, അടയ്ക്കാ എടുത്തശേഷം വലിച്ചെറിയുന്ന കുലകൾ എന്നിങ്ങനെയുള്ള പല പാഴ് വസ്തുക്കളും കൂൺ കൃഷിക്കുള്ള മാധ്യമങ്ങളായി ഉപയോഗിക്കാം. ചുരുക്കിപറഞ്ഞാൽ വിളവുകളുടെയും കളകളുടെയും പാഴായി പോകുന്ന മിക്ക ഭാഗങ്ങളും ഉണക്കിയെടുത്ത് ശുപാർശചെയ്തിരിക്കുന്ന പ്രകാരം തയ്യാറാക്കിയെടുത്താൽ കൂൺ വിത്ത് പാകുന്നതിനുള്ള മാധ്യമങ്ങളായി ഉപയോഗിക്കാം .

### കൂൺവിത്ത് (സ്പോൺ)

സ്വന്തം ആവശ്യത്തിനും കുടിൽ വ്യവസായമെന്നുള്ള രീതിയിലും കൂൺ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് അംഗീകൃതസ്ഥാപനങ്ങളിൽ നിന്ന് സ്പോൺ എന്നറിയപ്പെടുന്ന വിത്ത് വാങ്ങാവുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർക്ക് സ്വന്തമായി വിത്തുല്പാദിപ്പിക്കുന്നതായിരിക്കും നല്ലത് ഇതിന് വേണ്ട പരിശീലനം കൃഷി വിജ്ഞാനകേന്ദ്രങ്ങളിലും മിക്ക കാർഷിക ഗവേഷണസ്ഥപനങ്ങളിലും ലഭ്യമാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്ന കൂണിന്റെ മാതൃ സ്പോൺ ഉപയോഗിച്ച് വൻ തോതിൽ വിത്ത് ഉത്പ്പാദിപ്പിക്കുന്നതിന് നെല്ല്, ഗോതമ്പ്, ചോളം മുതലായ ധാന്യങ്ങൾ ഉത്തമമാണ്. വിത്ത് തയ്യാറായി കഴിഞ്ഞാൽ അത് പാകുന്നതിന് മാധ്യമത്തെ പാകപ്പെടുത്തി എടുക്കുകയാണ് അടുത്തപടി.

മാധ്യമം തയ്യാറാക്കൽ: വാഴകൃഷിയിലെ പ്രധാന ഉൽപ്പന്നമായ കുല എടുത്തിട്ട് അവശേഷിക്കുന്ന ഭാഗങ്ങൾ, കമുകിന്റെ പൊഴിഞ്ഞു വീഴുന്ന ഓല എന്നിങ്ങനെ പാഴായി പോകുന്ന വസ്തുക്കൾ ഏകദേശം 5–6 സെ.മി വലിപ്പത്തിൽ അരിഞ്ഞ് നന്നായി ഉണക്കി ചാക്കുകളിലോ, പ്ളാസ്റ്റിക്ക് സഞ്ചികളിലോ സൂക്ഷിച്ച് വെച്ചിരുന്നാൽ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. വൈക്കോൽ സുലഭമായി കിട്ടുന്നിടത്ത് അതും ഉപയോഗിക്കാം. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഈ മാധ്യമങ്ങളിൽ എല്ലാംതന്നെ ധാരാളം സൂക്ഷ്മാണുക്കൽ (ഫംഗസ് ബാക്ടീരിയ മുതലായവ) ഉള്ളത് കൊണ്ട് അവയെ പരമാവധി നശിപ്പിക്കേണ്ടതായിട്ടുണ്ട്. മാധ്യമങ്ങളിൽ വേണ്ടത്ര ഈർപ്പം നിലനിർത്തുകയും അണു നശീകരണവുമാണ് മാധ്യമം തയ്യാറാക്കൽ എന്ന പ്രധാനപ്പെട്ട പ്രക്രിയയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി അരിഞ്ഞുണങ്ങിയ മാധ്യമങ്ങളെ ഒരു രാത്രി വെള്ളത്തിൽ കുതിർത്തശേഷം കുറഞ്ഞത് അരമണിക്കൂർ നേരം തിളച്ച വെള്ളത്തിൽ മുക്കിയിടണം. അതിനു ശേഷം, മാധ്യമത്തിലെ അധികമായുള്ള വെള്ളം വാർത്തു പോകുന്നതിനായി




ചാക്ക് പുറത്തെടുത്ത് കുറച്ചു സമയം തൂക്കിയിടണം. കുറച്ചു കൂടി ലളിതമായ രീതിയിൽ മാധ്യമം തയ്യാറാക്കുന്നതിന് രാസ പദാർഥങ്ങൾ ഉപയോഗിച്ചു വരുന്നു. രാസ അണുനശീകരണത്തിന് 10 കിലോ ഗ്രാം ഉണങ്ങിയ മാധ്യമത്തിന് 100 ലി. രാസലായനി എന്ന തോതിലാണ് ഉപയോ ഗിക്കേണ്ടത്. അതായത് അടിഭാഗത്ത് ഒരു വശത്തായി ടാപ്പ് ഘടിപ്പിച്ചിരിക്കുന്ന അടപ്പുള്ള ഒരു പ്ലാസ്റ്റിക്ക് വീപ്പയിൽ 100 ലിറ്റർ വെള്ളം എടുത്ത് അതിൽ അഞ്ച് ഗ്രാം ബാവിസ്റ്റിൻ (കാർബൻഡാസിം 25 പി.പി.എം) എന്ന കുമിൾ നാശിനിയും 100–145 മി.ലി. ഫോർമലിനും (500പി.പി.എം നന്നായി കലർത്തി ഉടനെ തന്നെ ഉപയോ ഗിക്കണം. ഉണങ്ങിയ മാധ്യമം ഇഴയകലു മുള്ള ചാക്കിലോ പ്ലാസ്റ്റിക്ക് സഞ്ചിയിലോ നിറച്ച് കെട്ടി രാസലായനിയിൽ ഏകദേശം 18 മണിക്കൂർ താഴ്ത്തി ഇടണം. ചാക്ക് താഴ്ന്ന് കിടക്കുന്നതിനായി അതിനു മുകളിൽ കല്ലോ മറ്റ് ഭാരമുള്ള എന്തെങ്കി ലുമോ വയ്ക്കാവുന്നതാണ്. ലായനിയിൽ മാധ്യമം ഇട്ട ശേഷം വീപ്പയുടെ വായ് നന്നായി അടച്ചു വെക്കണം. വീപ്പ അടക്കു ന്നതിന് തൊട്ട് മുൻപായി ഫോർമലിൻ ചേർക്കുകയാണെങ്കിൽ അതിന്റെ രൂക്ഷ ഗന്ധം നമുക്ക് അനുഭവപ്പെടാതിരിക്കും.

രാസ അണുനശീകരണം നടത്തു മ്പോൾ മൂക്കും വായും മൂടുന്ന മാസ്ക്കും കൈയുറയും ധരിക്കണം. 18 മണിക്കൂറിന് ശേഷം ടാപ്പ് തുറന്ന് രാസലായനി കുറച്ച് അകലത്തേക്ക് ഒഴുക്കി വിടണം. മാധ്യമ ത്തിലെ അധികമായുള്ള വെള്ളം വാർന്ന് പോകുന്നതിനായി വീപ്പയിൽ നിന്നും ചാക്കോട് കൂടി മാധ്യമം പുറത്തെടുത്ത് എടുത്ത് കല്ലിലോ മറ്റോ പൊക്കിവെയ്ക്കു കയോ തൂക്കിയിടുകയോ ചെയ്യണം. കുറ ഞ്ഞ അളവിൽ രാസപദാർഥം ഉപയോഗിച്ച് അണു നശീകരണം നടത്തുന്നത് കൊണ്ട് കൂണിൽ ഇതിന്റെ ദൂഷ്യഫലങ്ങൾ ഉണ്ടാ വുകയില്ല. വെള്ളം നന്നായി വാർന്ന് പോയതിന്ശേഷം വിത്ത് പാകുന്നതിനായി മാധ്യമം ചാക്കിൽ നിന്നും പുറത്തെടുക്കാ വുന്നതാണ്.

## വിത്ത് പാകൽ

ഒരു മുറിക്കുള്ളിൽ മേശപ്പുറത്തോ തറയിലോ വിരിച്ചിരിക്കുന്ന റെക്സിൻ/ പ്ലാസ്റ്റിക്ക് ഷീറ്റിന്റെ ഉപയോഗിക്കാവുന്ന വശം ഡെറ്റോൾ/ പൊട്ടാസ്യം പെർമാഗ നേറ്റ് ലായനി കൊണ്ട് തുടച്ചതിന് ശേഷം അതിൽ മാധ്യമം നിരത്തി ഇടണം. വിത്ത് പാകുന്ന സമയത്ത് മാധ്യമത്തിൽ എഴുപ തു ശതമാനം ഈർപ്പം കൂടുതൽ ഉണ്ടായി രിക്കരുത്. ഈർപ്പത്തിന്റെ ഏകദേശ അളവ് മനസിലാക്കുന്നതിനായി മാധ്യമം ചാക്കിൽ നിന്നും പുറത്തെടുക്കുമ്പോൾ അതിൽ നിന്നും ഒന്നോ രണ്ടോ കഷ്ണങ്ങൾ എടു ത്ത് കൈകൾ കൊണ്ട് നനഞ്ഞ തുണി പിഴി യുന്നത് പോലെ പിഴിയുമ്പോൾ വെള്ളം തുള്ളി തുള്ളിയായി സാവധാനം വരുകയാ ണെങ്കിൽ ആവശ്യത്തിനുള്ള ഈർപ്പം ഉണ്ടെന്ന് അനുമാനിക്കാം.



**അടുത്തടുത്ത രണ്ട് ചെറിയ കൂൺ പുരകൾ ഉണ്ടാകുകയോ രണ്ട് മുറികളുള്ള കൂൺ പുര ഉപയോഗിക്കുകയോ ചെയ്യാം. വീടിനോട് ചേർന്ന് ഉപയോ ഗിക്കാതെ കിടക്കുന്ന മുറികൾ , പശുവിൻ കൂട് (എരുത്തിൽ) എന്നിവയിൽ വേണ്ട വിധത്തിൽ മാറ്റങ്ങൾ വരുത്തി കൂൺ പുരയായി ഉപയോഗിക്കാം.**

കൈകൾ നന്നായി കഴുകിയശേഷം കൂൺ വിത്ത് പ്ലാസ്റ്റിക്ക്ട്രേ പോലെയുള്ള പാത്രത്തിൽ ഇട്ട് വിരലുകൾ കൊണ്ട് പൊടിച്ച് ചെറു കഷ്ണങ്ങളാക്കണം. ഉണ ങ്ങിയ 10 കി.ഗ്രാം മാധ്യമത്തിന് ഒരു കി.ഗ്രാം വിത്ത് ആവശ്യമാണ്. മാധ്യമത്തിൽ വിത്തു പാകുന്നതിന്, ഏകദേശം 50 സെ.മീ. നീളവും 35 സെ.മീ. വീതിയുമുള്ള പോളീ ത്തിൻ സഞ്ചി(100–150 ഗേജ്) നാല് മി.മീ. വലിപ്പമുള്ള 12–16 സുഷിരങ്ങൾ അവിട വിടെയായി ഇട്ടശേഷം ഉപയോഗിക്കണം. അല്പം വിത്ത് പോളിത്തീൻ സഞ്ചിയുടെ അടിയിൽ വിതറിയശേഷം 10–15 സെ.മീ കനത്തിൽ മാധ്യമം നിറയ്ക്കണം. അതിനു മുകളിലായി പോളിത്തീൻ സഞ്ചിയുടെ വശത്തോടു ചേർത്ത് വിത്ത് വിതറണം. ഇങ്ങനെ ഇടവിട്ടിടവിട്ട് അട്ടിയട്ടിയായി മാധ്യമവും വിത്തും സഞ്ചിയിൽ നിറയ്ക്കേ ണ്ടതാണ്. ഓരോ പ്രാവശ്യം മാധ്യമം നിറയ്ക്കുമ്പോഴും അതു നന്നായി അമർ ത്തി സഞ്ചിയിൽ കൊള്ളിക്കണം ഏക ദേശം 4 കി.ഗ്രാം മാധ്യമം ഒരു സഞ്ചിയിൽ നിറച്ചശേഷം അതിന്റെ വായ് ഒതുക്കി അമർത്തി കെട്ടണം. ഈ രീതിയിൽ തയ്യാറാക്കിയ സഞ്ചികൾ കൂൺ പുരയിലെ തട്ടുകളിൽ വയ്ക്കുകയോ ഉറിപോലെ തൂക്കിയിടുകയോ ചെയ്യാവുന്നതാണ്.

## കൂൺപുര

കമുങ്ങിന്റേയോ തെങ്ങിന്റെയോ ഓല യും തടിയും ഉപയോഗിച്ച് തണലുള്ള സ്ഥലത്ത് ഉണ്ടാക്കാവുന്ന ചെറിയ കുടിലു കൾ ലളിതവും ചിലവുകുറഞ്ഞതുമായ കൂൺപുരകളായി ഉപയോഗിക്കാം. ഇത്ത രം കുടിലുകൾക്കുള്ളിൽ കീടങ്ങളും മറ്റും കയറാതിരിക്കാൻ കണ്ണിയടുപ്പമുള്ള പ്ലാസ്റ്റിക് വലകൊണ്ട് അകത്ത് ലൈനിംഗ് കൊടുക്കുന്നത് വളരെ പ്രയോജനപ്രദ മാണ്. കൂണിന്റെ വിത്തിൽ നിന്നും തന്തു ക്കൾ വളർന്ന് മാധ്യമത്തെ ആവരണം ചെയ്യുന്നതു വരെ കുടിലുകൾക്കുള്ളിൽ കഴിയുന്നത്ര ഇരുട്ടായിരിക്കുന്നതാണ് കൂടു തൽ അഭികാമ്യം. പോളിത്തീൻ സഞ്ചികൾ നീക്കം ചെയ്തശേഷം കുറച്ച് പ്രകാശം കൂടിലിനുള്ളിൽ കടക്കുന്നത് നല്ലതാണ്. ഈ സമയത്ത് കൂടിലിനുള്ളിൽ ഈർപ്പവും ഉണ്ടായിരിക്കണം. കൂടിലുനുള്ളിലെ



കൂൺ പുരയായി ഉപയോഗിക്കാം.

## വിളവെടുപ്പ്

കൃഷിയിടങ്ങളിലെ പാഴ് വസ്തുക്കൾ മാധ്യമങ്ങളായി ഉപയോഗിക്കുമ്പോൾ, വിത്ത്പാകി ഏകദേശം 15 ദിവസം കൊണ്ട് സ്പോണിൽ നിന്നും തന്തുക്കൾ വളർന്ന് മാധ്യമത്തെ ആവരണം ചെയ്ത് ഒരു ബെഡ് അഥവാ കട്ടപോലെയാകുന്നു. അപ്പോൾ ബ്ലേഡ് ഉപയോഗിച്ച് പോളിത്തീൻ സഞ്ചി മുറിച്ചു മാറ്റണം. ഒന്നോ രണ്ടോ ദിവസം കഴിഞ്ഞ് ആവശ്യാനുസരണം വെള്ളം തളിച്ച് ബെഡ്ഡുകൾ ഉണങ്ങാതെ ശ്രദ്ധിക്കണം സഞ്ചി നീക്കം ചെയ്തു ഒരാഴ്ചയ്ക്കകം ആദ്യത്തെ വിളവെടുപ്പ് നടത്താവുന്നതാണ്. വിത്തുപാകി 45-50 ദിവസത്തിനകം മൂന്നു പ്രാവശ്യം വിളവെടുക്കാം. കൂൺ വിത്തിൽ നിന്നുള്ള വളർച്ചയും വിളവെടുപ്പു കാലവും, മാധ്യമത്തെയും കാലാവസ്ഥയേയും ആശ്രയിച്ച് അൽപ്പം വ്യത്യാസമുണ്ടായേക്കാം.

മൂന്ന് പ്രാവശ്യം വിളവെടുത്തതിനു ശേഷം വീണ്ടും വളരെ കുറച്ച് കൂണുകൾ ഉണ്ടാകുമെങ്കിലും അതിനുവേണ്ടി സ്ഥലം മെനക്കെടുത്തി ബെഡ്ഡുകളെ പരിപാലിപ്പിക്കുന്നത് ആദായകരമായിരിക്കുകയില്ല. വിളവെടുത്ത ശേഷം കൂണുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന മാധ്യമത്തിന്റെ ഭാഗങ്ങളും മറ്റും നീക്കം ചെയ്തശേഷം സുഷിരങ്ങൾ ഇട്ട ചെറിയ പോളിത്തീൻ സഞ്ചികളിൽ സൂക്ഷിക്കണം. വിളവെടുത്ത അന്നുതന്നെ കൂണുപയോഗിക്കാൻ പറ്റുന്നില്ലെങ്കിൽ മൂന്നു ദിവസം റഫ്രിജറേറ്റിൽ സൂക്ഷിക്കാവുന്നതാണ്. നന്നായി ഉണങ്ങിയ കൂണുകൾ പോളിത്തീൻ സഞ്ചിയിൽ നിറച്ച് (വായു കടക്കാത്ത) ഒരു മാസം വരെ സാധാരണ മുറികളിലെ ഊഷ്മാവിൽ കേടു കൂടാതെ സൂക്ഷിക്കാം.

വിളവെടുപ്പു കഴിഞ്ഞ് അവശേഷിക്കുന്ന മാധ്യമം നല്ല ജൈവവളമായി ഉപയോഗിക്കുകയോ ഇതുപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കുകയോ ചെയ്യാവുന്നതാണ്.

പ്രധാന ഉൽപന്നത്തിന് വിലയിടിവുണ്ടാക്കുമ്പോൾ കൃഷിയിടങ്ങളിലെ പാഴ് വസ്തുക്കളിലുള്ള കൂൺ കൃഷി ഒരു അനുഗ്രഹമായി മാറുന്നു. ഒരു മാധ്യമത്തെ മാത്രം ആശ്രയിക്കാതെ കൃഷിയിടങ്ങളിൽ നിന്നും കിട്ടുന്ന എല്ലാ പാഴ് വസ്തുക്കളും കൂൺ കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നല്ലൊരു സമീപനമായിരിക്കും. ചിപ്പികൂൺ കൃഷിയുടെ വിജയം അതാതു സ്ഥലത്ത് സുലഭമായ ചിലവു കുറഞ്ഞ മാധ്യമങ്ങളെ ആശ്രയിച്ചിരിക്കും.●

*സി.പി.സി ആർ.ഐ. സസ്യസംരക്ഷണ വിഭാഗം മുൻമേധാവിയാണ് ലേഖകൻ*

തറയിൽ മണൽ നിരത്തി വശങ്ങളിൽ ചാക്കുകൾ കെട്ടി നനച്ച് നല്ല ഈർപ്പം നിലനിർത്താവുന്നതാണ്. കൂൺ വിത്തു വളർന്ന് മാധ്യമത്തെ പൂർണ്ണമായും ആവരണം ചെയ്യുന്നതുവരെയുള്ള സമയം ഒരു കൂൺപുരയിലും സഞ്ചികൾ നീക്കം ചെയ്തശേഷം മറ്റൊരു കൂൺ പുരയിലും വെക്കുകയാണെങ്കിൽ ഒരു കൂൺ പുരയിൽ മാത്രം ഈർപ്പം നിലനിർത്തിയാൽ മതിയാകും. ഇതിനായി അടുത്തടുത്ത രണ്ട് ചെറിയ കൂൺ പുരകൾ ഉണ്ടാകുകയോ രണ്ട് മുറികളുള്ള കൂൺ പുര ഉപയോഗിക്കുകയോ ചെയ്യാം. വീടിനോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന മുറികൾ , പശുവിൻ കൂട് (എരുത്തിൽ) എന്നിവയിൽ വേണ്ട വിധത്തിൽ മാറ്റങ്ങൾ വരുത്തി

**വിളവെടുത്ത് അന്നുതന്നെ കൂണുപയോഗിക്കാൻ പറ്റുന്നില്ലെങ്കിൽ മൂന്നു ദിവസം റഫ്രിജറേറ്റിൽ സൂക്ഷിക്കാവുന്നതാണ്. നന്നായി ഉണങ്ങിയ കൂണുകൾ പോളിത്തീൻ സഞ്ചിയിൽ നിറച്ച് (വായു കടക്കാത്ത) ഒരു മാസം വരെ സാധാരണ മുറികളിലെ ഊഷ്മാവിൽ കേടു കൂടാതെ സൂക്ഷിക്കാം.**





# ഗ്രാമങ്ങൾക്ക് ഉണർവേകി സ്ത്രീശക്തി

പ്രൊഫ. സി ചന്ദ്രമതി

**മലയാളിയുടെ കാർഷിക പാരമ്പര്യം വീണ്ടെടുക്കുവാനും സ്ത്രീ സംഘടനകൾ മുന്നോട്ട് വരേണ്ടതാണ്. കൃഷി സ്ഥലങ്ങൾ കുറയുന്നു. ഉള്ളത് തരിശ്ശിടുന്നു. പാൽ, പച്ചക്കറി, മുട്ട മുതലായ അവശ്യസാധനങ്ങൾക്ക് പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു.**

"ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു" ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ രാജ്യത്തിന് പുരോഗതിയുണ്ടാവൂ എന്ന് വിശ്വസിച്ച രാഷ്ട്രപിതാവിന്റെ വാക്കുകൾ.

ഭാരതത്തിൽ ഗ്രാമങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കൃഷി സ്ഥലങ്ങൾ കോൺക്രീറ്റ് കാടുകളാകുന്നു. ഇതിനെ 'വികസനം' എന്നു പറയാനാകുമോ ? വികസനമെന്നാൽ ശുദ്ധജലമാണ്. ശുദ്ധമായ പ്രാണവായുവാണ്. മായമില്ലാത്ത ഭക്ഷണമാണ്. ഭയമില്ലാത്ത ജീവിതമാണ്.

"നാട്യപ്രധാനം നഗരം ദരിദ്രം, നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" കുറ്റിപ്പുറത്ത് കേശവൻ നായർ പാടിയിട്ടുണ്ട്. അക്കാലത്ത് നഗരങ്ങളിലെ വെള്ളക്കോളർ ഉദ്യോഗസ്ഥന്മാരെ തീറ്റിപ്പോറ്റിയിരുന്നത് കഠിനാധ്വാനികളായ നിഷ്ക്കളങ്കരായ ഗ്രാമീണരായിരുന്നു. അതുകൊണ്ടാവാം മഹാകവി രബീന്ദ്രനാഥ ടാഗോർ പാടങ്ങളിൽ പണിയെടുക്കുന്ന കർഷകരുടെയും ആലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും ഇടയിൽ ഈശ്വരനെ ദർശിച്ചത്.



എല്ലാം എവിടെ നിന്നെങ്കിലും വാങ്ങാം എന്ന ചിന്താഗതിക്കാരായ ഗ്രാമീണരെയാണ് ഇന്നു ഞാൻ കാണുന്നത്.

ഹരിത പ്രകൃതിയാണ് മനുഷ്യ നിലനിൽപ്പിന് അടിസ്ഥാനം. ജീവിതാവശ്യത്തിന് മാത്രം പ്രകൃതിയെ ഉപയോഗപ്പെടുത്തുകയും ഒപ്പം അതിനെ പുഷ്ടിപ്പെടുത്തുകയും ചെയ്യുക എന്നത് പ്രാചീന കാലഘട്ടം മുതൽ മനുഷ്യൻ അനുവർത്തിച്ചിരുന്ന നയമാണ്. ഭൂമി നമ്മുടെ മാതാവാണ്. മാതാവിനെ ആദരിക്കേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ കടമയാണ്. അതിനാൽ ഭൗമ വിഭവങ്ങളെ നിലനിർത്തിക്കൊണ്ട് ജീവിത ഭദ്രത വർദ്ധിപ്പിക്കുകയാണ് വേണ്ടത്. വനങ്ങളെ നശിപ്പിക്കാതെ, നദികളെ മലിനമാക്കാതെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താതെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക- അതാണ് സുസ്ഥിര വികസനം. കടപ്പുറത്തെ മണ്ണും മലയിലെ കല്ലും പാടത്തെ ചെളിയും കോരി മാറ്റി പണമുണ്ടാക്കുന്നതല്ല വികസനം. പാവപ്പെട്ടവന് കൃഷി ചെയ്യാനും കൂര പണിയാനും സ്ഥലം വേണ്ടേ, കല്ലും മണ്ണും വേണ്ടേ, തൊടരുതെന്നു പറഞ്ഞാൽ ജീവിക്കാനാവുമോ? എന്നൊക്കെയുള്ള ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കാം. പക്ഷേ യാഥാർത്ഥ്യം മനസ്സിലാക്കിയേ പറ്റൂ. പ്രകൃതിക്ക് താങ്ങാവുന്നതിലധികം പീഡനങ്ങൾ ഇതിനകം നാം നൽകിക്കഴിഞ്ഞു. ഗതികെടുമ്പോൾ പ്രകൃതിയും പ്രതികരിക്കും. ഉരുൾപൊട്ടലും മലയിടിച്ചിലും ചുഴലിക്കാറ്റും അതിവർഷവും കൊടും വരൾച്ചയും ഭൂചലനങ്ങളുമൊക്കെ നേരിടേണ്ടതും നാം തന്നെയല്ലേ ?

നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളെ നമുക്ക് തിരികെ കൊണ്ടുവരണ്ടേ? ഗ്രാമത്തിലെ സ്ത്രീശക്തി അതിനായി പ്രയോജനപ്പെടുത്താം. ഒരു കുഞ്ഞിനെ വളർത്തിയെടുക്കാൻ ഒരച്ഛനോ അമ്മയോ ഒരു വീടോ പോരാ. ഒരു ഗ്രാമം തന്നെ വേണം.

വീട്ടിനകത്തും പുറത്തുമായി വീട്ടമ്മ, ഭാര്യ, ഉദ്യോഗസ്ഥ, അമ്മ എന്നീ നിലകളിൽ ലോകത്തെ ജോലികളുടെ മുക്കാൽ പങ്കും ചെയ്യുന്നത് സ്ത്രീകളാണ്. കേരളത്തിലെ 'കുടുംബശ്രീ' ലോകശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. പ്രധാനമന്ത്രിയും കുടുംബശ്രീ പ്രവർത്തനങ്ങളെ ശ്ലാഘിച്ച് സംസാരിച്ചുവല്ലോ. ത്രിതല ഭരണ സംവിധാനത്തിലൂടെ സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ വീട്ടമ്മമാർ കഴിവ് തെളിയിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിലെ സ്ത്രീശക്തി ഉപയോഗിച്ച് നമുക്ക് നമ്മുടെ ചുറ്റുപാടുകളെ ശുദ്ധമാക്കാം. അതിനായി കൂടുതൽ മേഖലകളിലേക്ക് സ്ത്രീകളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

നൂറുശതമാനം സാക്ഷരതയുള്ള കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമായ പ്രശ്നമാണ്. വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലവസരങ്ങളില്ല. അതേസമയം, ഒട്ടേറെ ജോലികൾക്ക് ആളെക്കിട്ടാനുമില്ല. തെങ്ങുകയറ്റം, മോട്ടോർ റിപ്പയറിംഗ്, മെക്കാ





നിക്ക്, പ്ലംബർ, വയർമാൻ, വീട്ടു ജോലിക്കാർ, കർഷകർ തുടങ്ങി പല ജോലികൾക്കും തമിഴരെയോ ബംഗാളികളെയോ ആണ് ആശ്രയിക്കുന്നത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്. അന്തസ്സിനെപ്പറ്റിയുള്ള മലയാളിയുടെ മിഥ്യാധാരണ മാറിയേ തീരു. ലക്ഷങ്ങൾ കൈക്കൂലി കൊടുത്ത് രണ്ടായിരം രൂപ ശമ്പളം ലഭിക്കുന്ന വെള്ളക്കോളർ ജോലിക്ക് പോകും. അതുപോലെ തന്നെ, ദൂര സ്ഥലങ്ങളിൽ പോയാൽ മലയാളി ഏതുജോലിയും ചെയ്യും. പട്ടിണിക്കിടന്നാലും വേണ്ടില്ല, വീട്ടിനടുത്തുള്ള സ്ഥലങ്ങളിൽ അന്തസ്സുള്ള ജോലിയേ ചെയ്യൂ. തൊഴിൽ തേടി പുറം നാടുകളിൽ അലയുന്ന ചെറുപ്പക്കാരിൽ പുതിയ ഒരു തൊഴിൽ സംസ്കാരം വളർത്തേണ്ടിയിരിക്കുന്നു. ഈ ഉത്തരവാദിത്വം വീട്ടമ്മമാർ ഏറ്റെടുക്കണം.



ശുചിത്വബോധത്തിൽ ആവശ്യത്തിലധികം അഭിമാനം കൊള്ളുന്നവരാണ് മലയാളികൾ. പക്ഷേ വ്യക്തിശുചിത്വം കാത്തുസൂക്ഷിക്കുന്ന നമ്മൾ സമൂഹശുചിത്വം മറക്കുന്നു. സ്വന്തം വീട് വൃത്തിയായി സൂക്ഷിച്ചുകൊണ്ട് മാലിന്യപ്പൊതികൾ തെരുവിലേക്ക് വലിച്ചെറിയുന്നു. പൊതുനിരത്തിൽ തുപ്പാനും റോഡരികിൽ മൂത്രമൊഴിക്കാനും മടിക്കാത്ത മാന്യന്മാരുണ്ട്. ലേഡീസ് ഓൺലി കംപാർട്ട്മെന്റിൽ ചിത്രരചന നടത്തുക, കുളി മുറികളിൽ ഒളിക്യാമറ വയ്ക്കുക... ന്യൂ ജനറേഷൻ ദുശ്ശീലങ്ങളുടെ പട്ടിക നീളുന്നു. പ്രകൃതിയെ സ്ത്രീയായും സ്ത്രീയെ പ്രകൃതിയായും കണ്ട് ആദരിക്കാൻ പഠിപ്പിച്ച സംസ്കാരത്തിന് കാലപ്രവാഹത്തിൽ വന്ന കാലക്കേട്! ഇവിടെയും സ്ത്രീയുടെ ശക്തി പ്രകടനം ആവശ്യമാണ്.

ബുദ്ധിയുടെ കാര്യത്തിൽ മലയാളിയെ തോൽപ്പിക്കാൻ ആരുമില്ലെന്നാണ് നമ്മുടെ വിശ്വാസം. എന്നിട്ടും ആട്, മാഞ്ചിയം, ചിട്ടി, സോളാർ.... വലകളിൽ നമ്മൾ എങ്ങനെ വീഴുന്നു. പണത്തിനോടുള്ള ആർത്തിയല്ലേ ഇതിന് കാരണം? ബ്ലേഡ് പലിശയ്ക്ക് കടം വാങ്ങിയോ ബാങ്കിൽ നിന്ന് ലോണെടുത്തോ പണമുണ്ടാക്കാനുള്ള വെപ്രാളമാണ്. കടം കുന്നുകൂടുമ്പോൾ കൂട്ടത്തോടെ ആത്മഹത്യ ചെയ്യുന്നു. ഏതുതരം തട്ടിപ്പിന്റെയും പിറകിൽ സ്ത്രീകളുമുണ്ടെന്നുള്ളതാണ് കഷ്ടം. സ്ത്രീയെ ദേവതയായി സങ്കൽപ്പിച്ചിരുന്ന ഒരു സംസ്കാരത്തിന്റെ അധഃപതനം!

" ഒരു തുള്ളി മദ്യം, ആയിരം തുള്ള കണ്ണുനീർ"– ഇത് കേരള സർക്കാരിന്റെ എക്സൈസ് വകുപ്പ് കെ എസ് ആർ ടി സി ബസുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വാചകമാണ്. മദ്യം മൂലം ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളാണ്. സ്വന്തം വരുമാനം മുഴുവൻ തീർത്തിട്ട് ഭാര്യ അധ്വാനിച്ച് ഉണ്ടാക്കുന്നതും കൂടി വാങ്ങിച്ച് മദ്യപിക്കുന്ന ഭർത്താക്കന്മാരെ ധാരാളം കാണാറുണ്ട്.

മലയാളിയുടെ കാർഷിക പാരമ്പര്യം വീണ്ടെടുക്കുവാനും സ്ത്രീ സംഘടനകൾ മുന്നോട്ടുവരേണ്ടതാണ്. കൃഷിസ്ഥലങ്ങൾ കുറയുന്നു. ഉള്ളത് തരിശ്ശിടുന്നു. പാൽ, പച്ചക്കറി, മുട്ട മുതലായ അവശ്യസാധനങ്ങൾക്ക് പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. മായം ചേർത്ത ഭക്ഷണ സാധനങ്ങൾ വാങ്ങിക്കഴിച്ച് എല്ലാവരും രോഗികളായി മാറുന്നു. പത്തുസെന്റിൽ ആരംഭിക്കാവുന്ന ഗ്രീൻ ഹൗസ് ഫാമിംഗ് കുടുംബശ്രീ വഴി നടപ്പാക്കാൻ കേരള സർക്കാർ ആലോചിക്കുന്നുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയുണ്ടത്രെ. കുടുംബശ്രീ യൂണിറ്റുകൾ ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ തന്നെ പ്ലാസ്റ്റിക്കിന്റെ കാര്യവും. പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ സ്വർണ്ണ വിൽപ്പനയ്ക്ക് തുല്യമായ നേട്ടമുണ്ടാക്കാമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

ഇന്ത്യയെ സംബന്ധിച്ച് 2014 ഒരു പ്രധാന വർഷമായിരിക്കുമെന്നാണ് വേൾഡ് ഇക്കണോമിക് ഫോറം പ്രതീക്ഷിക്കുന്നത്. ഭക്ഷണസാധനങ്ങളുടെ ഉത്പാദന വർദ്ധന, ചേരി പ്രദേശങ്ങളുടെ വികസനം, വൃദ്ധജനങ്ങളുടെയും ആദിവാസികളുടെയും ക്ഷേമം, പരിസര സംരക്ഷണം തുടങ്ങിയ പ്രാഥമിക കാര്യങ്ങൾക്ക് ഇന്ത്യ എന്ത് സംഭാവനയാണ് നൽകുന്നതെന്നറിയാൻ ലോക രാഷ്ട്രങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

"ഒരു സ്ത്രീ ഒരു ചുവട് മുന്നോട്ടുനീങ്ങിയാൽ

രാഷ്ട്രം പത്തു ചുവടുമുന്നോട്ടു നീങ്ങും" എന്നാണ് മഹാത്മാ ഗാന്ധി പറഞ്ഞിട്ടുള്ളത്. അങ്ങനെയെങ്കിൽ കേരളത്തിലെ മൊത്തം സ്ത്രീശക്തി രാജ്യനന്മയ്ക്ക് വേണ്ടി ഉപയോഗിച്ചുകൂടേ? വെല്ലുവിളികൾ നിരവധിയില്ലേ, അവയൊക്കെ ഏറ്റെടുക്കാൻ ഞങ്ങൾ പ്രാപ്തരാണോ എന്ന് ശങ്കിച്ച് നിൽക്കേണ്ട കാര്യമില്ല. അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ വാക്കുകൾ ശ്രദ്ധിക്കുക – 'Yes, We can, Yes We will" നമുക്കതിന് കഴിയും. നാമത് തീർച്ചയായും നിർവ്വഹിക്കും.●



# ജൈവകൃഷി മൂന്ന് മാതൃകകൾ



ജി.എസ്. ഉണ്ണികൃഷ്ണൻ നായർ

ജൈവകൃഷി സമ്പൂർണ്ണമായി അനുവർത്തിക്കുന്നത് അസാധ്യമാണെന്ന് കരുതുന്ന കർഷകരും കാർഷിക വിദഗ്ധരും ഏറെയാണ്. പൂർണ്ണ ജൈവകൃഷിയിലൂടെയല്ലാതെ വിളഞ്ഞ ഉത്പന്നങ്ങൾ 'ഓർഗാനിക്' എന്ന പേരിൽ വിൽപ്പന നടത്തി ഉപഭോക്താക്കളെ കബളിപ്പിക്കുന്നവരുമുണ്ട്. ഈ രണ്ട് കൂട്ടർക്കുമുള്ള മറുപടി ജൈവ സർട്ടിഫിക്കേഷനോടെ വിജയകരമായി കൃഷി ചെയ്ത് ഉത്പന്നങ്ങൾ വിറ്റഴിക്കുന്ന കർഷകർ തന്നെയാണ്. ജൈവകൃഷിയിലേക്കുള്ള പരിവർത്തനകാലത്തുണ്ടായ ഭീമമായ നഷ്ടം സഹിച്ച് മുന്നേറി ഇപ്പോൾ വളരെ ആദായകരമായി ഈ രംഗത്ത് തുടരുന്ന മൂന്ന് കർഷകരെ പരിചയപ്പെടാം.

### പച്ചക്കറിയിൽ ജൈവകൃഷി

കൊല്ലം മൈലം പഞ്ചായത്തിലുള്ള സി നരേന്ദ്രനാഥ് 8 കൊല്ലമായി സർട്ടിഫിക്കേഷനോടെ പച്ചക്കറിയിൽ ജൈവകൃഷി അനുവർത്തിക്കുകയാണ്. ഉത്പന്നങ്ങൾ 50 ശതമാനം അധികവിലയ്ക്ക് വിറ്റഴിക്കുകയും ചെയ്യുന്നു.

മൂന്ന് ഏക്കർ ഭൂമിയിൽ സീസണനുസരിച്ച് ഒട്ടുമിക്ക പച്ചക്കറികളും വളർത്തുന്നു. ഇന്റോസെർട്ടിന്റെ ജൈവ സർട്ടിഫിക്കേഷൻ ലഭിച്ച അപൂർവ്വം പച്ചക്കറി കൃഷിക്കാരിൽ ഒരാളാണ് നരേന്ദ്രനാഥ്. ജൈവ വളങ്ങൾ നന്നായി നൽകി വിളകളുടെ കരുത്ത് മെച്ചപ്പെടുത്തുകയാണ്

ജൈവകൃഷിയുടെ അടിസ്ഥാന തത്വമെന്ന് നരേന്ദ്രനാഥ് പറഞ്ഞു. ഇങ്ങനെ വിളകളുടെ കരുത്തും പ്രതിരോധ ശേഷിയും മെച്ചപ്പെടുത്താം. ചാണകം, മണ്ണിരക്കമ്പോസ്റ്റ്, ചാമ്പൽ, കരിയില, പച്ചത്തോല്, ഗുണം കൂടിയ കപ്പലണ്ടിപ്പിണ്ണാക്ക്, എല്ലുപൊടി എന്നിവയാണ് വളങ്ങൾ. ഇവ വാഴയ്ക്ക് മൂന്ന് തവണയായും പച്ചക്കറികൾക്ക് 4 തവണയായും നൽകുന്നു. പഞ്ചഗവ്യം, വെർമി വാഷ് തുടങ്ങിയ വളർച്ചാ ഉത്തേജകങ്ങളുടെ പ്രയോഗവുമുണ്ട്. ഇതിലൂടെ വിളയുന്ന ഉത്പന്നങ്ങൾക്ക് വലുപ്പവും ഭാരവും കൂടുതലായിരിക്കും. ജൈവകൃഷിയിലൂടെ വിളയുന്ന പച്ചക്കറികൾ ശുഷ്ക്കിച്ച് പുഴുക്കുത്തേറ്റവയായിരിക്കുമെന്ന ധാരണ തെറ്റാണെന്നും നരേന്ദ്രനാഥ് പറഞ്ഞു. ഉത്പാദന ക്ഷമതയും കൂടുതലായിരിക്കും.

നരേന്ദ്രനാഥ് സ്വന്തമായി ജൈവകീടനാശിനിയും കളനാശിനിയും കീടനശീകരണ ചൂർണവുമൊക്കെ വികസിപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് പേറ്റന്റവകാശം താമസിയാതെ ലഭിക്കും. നരേന്ദ്രനാഥിന്റെ ഒരു ജൈവ കീടനാശിനിയുടെ നിർമ്മാണ രീതി ഈ വിധമാണ്. 50 ഗ്രാം വീതം ചെന്നിനായകം, പാൽക്കായം എന്നിവ ഒരു ലിറ്റർ വെള്ളത്തിലിട്ട് ഒരു ദിവസം വെച്ച് ലയിപ്പിക്കുന്നു. രണ്ടാം ദിവസം ഇതിൽ 50 ഗ്രാം പച്ചക്കർപ്പൂരം പൊടിച്ചത് ചേർത്തിളക്കും. മൂന്നാം ദിവസം ഈ ലായനിയിൽ 50 ഗ്രാം വീതം കാന്താരിയും വെളുത്തുള്ളിയും അരച്ചത് ചേർക്കുന്നു. ഒപ്പം ഒരു ലിറ്റർ ഗോമൂത്രവും. ഈ കീടനാശിനി അരിച്ച് 3-5 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിച്ച് കായീച്ച, ചാഴി, മുഞ്ഞ തുടങ്ങി മിക്ക കീടങ്ങളെയും അകറ്റാനാവുമെന്നാണ് നരേന്ദ്രനാഥിന്റെ അനുഭവം. ഉപ്പ്, ചാമ്പൽ, കുമ്മായം, എന്നിവയുടെ മിശ്രിതം വിതറിയാണ് ഉറുമ്പിനെയും വണ്ടിനെയും അകറ്റുന്നത്. ഷഡ്പദ കീടങ്ങളെ പഴയ റബ്ബർ ചെരുപ്പുപയോഗിച്ച് അടിച്ചുകൊല്ലുന്ന രീതിയുമുണ്ട്.

ഇങ്ങനെ വിളയുന്ന ജൈവോത്പന്നങ്ങൾക്ക് സൂക്ഷിപ്പുകാലം കൂടുതലാണെന്ന് നരേന്ദ്രനാഥ് പറഞ്ഞു. വിളവെടുത്ത തക്കാളി ഒരു മാസം വരെ കേടാകാതിരിക്കുമെന്നതാണ് ഇതിനൊരു ഉദാഹരണം. ജൈവ പച്ചക്കറികളുടെ വിൽപ്പനയിലും നരേന്ദ്രനാഥ് പ്രത്യേക രീതി അനുവർത്തിക്കുന്നുണ്ട്. 50 ശതമാനത്തോളം അധിക വിലയ്ക്കാണ് ഇവ വിൽക്കുന്നതെങ്കിലും 6 മാസത്തേക്ക് ഒരു വിലയെന്ന തത്വം പാലിക്കുന്നു. ഇത്തരത്തിൽ പ്രതിമാസം 2 ടൺ പച്ചക്കറികളും 2 ടൺ ഫലങ്ങളും വിൽക്കുന്നു. ഇവ തന്റെ പെട്ടി ഓട്ടോയിൽ കയറ്റി കൊല്ലം ടൗണിലെ വിവിധ സ്ഥലങ്ങളിലെത്തിക്കും. ജൈവ പച്ചക്കറികൾ എന്ന് എഴുതിയിട്ടുള്ള ഓട്ടോ വിൽപ്പനശാലയ്ക്ക് ധാരാളം സ്ഥിരം ഉപഭോക്താക്കളുണ്ട്. ആവശ്യകതയനുസരിച്ച് ഉത്പന്നം ലഭ്യമാക്കാനാകുന്നില്ല. താമസിയാതെ കൊല്ലം ടൗണിൽ ഒരു സ്ഥിരം വിൽപ്പനശാല തുറക്കാനുള്ള ശ്രമത്തിലാണ് നരേന്ദ്രനാഥ്. (9847774725, 0474-2662442)

## അട്ടപ്പാടിയിലെ മണ്ണിൽ ജൈവപഴങ്ങൾ

അട്ടപ്പാടിയിലെ വരണ്ട മണ്ണിൽ ജൈവ പഴങ്ങൾ വിളയിക്കുകയാണ് കാഞ്ഞിരപ്പുഴക്കാരനായ തോമസ് മാത്യു. ഈ പഴങ്ങളെ ഉത്പന്നങ്ങളാക്കി ലാഭം പതിന്മടങ്ങുണ്ടാക്കുന്നു.

രണ്ട് പതിറ്റാണ്ട് മുമ്പാണ് ഇദ്ദേഹം അട്ടപ്പാടിയിലെ താവളം എന്ന സ്ഥലത്ത് 16 ഏക്കർ ഭൂമി വാങ്ങുന്നത്. ഭവാനിപ്പുഴയുടെ തീരത്തുള്ള ഈ ഭൂമിയിൽ ആദ്യം രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിയായിരുന്നു. 10 വർഷം മുമ്പ് ജൈവകൃഷിയാണ് തന്റെ മേഖലയെന്ന് ഈ കർഷകൻ തിരിച്ചറിഞ്ഞു. അങ്ങനെ ജൈവകൃഷിയിലേക്ക് ചുവടുമാറുകയും ഇന്റോസെർട്ടിന്റെ സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും ചെയ്തു. സപ്പോട്ട, മാവ്, പ്ലാവ്, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങൾക്കൊപ്പം തെങ്ങും ഇവിടെ കൃഷി ചെയ്യുന്നു. തുള്ളി നനയാണ് അനുവർത്തിക്കുന്നത്. ഒപ്പം പുതയിട്ട് ഈർപ്പ സംരക്ഷണം ഉറപ്പാക്കുന്നു. ചാണകം, മണ്ണിരക്കമ്പോസ്റ്റ്, സാധാരണ കമ്പോസ്റ്റ് എന്നിവയ്ക്ക് പുറമെ ഒരു സ്പെഷ്യൽ കമ്പോസ്റ്റും തോമസ് പ്രയോഗിക്കുന്നുണ്ട്. ആയുർവ്വേദ ഔഷധ നിർമ്മാണശാലകൾ ഉപയോഗിച്ച ശേഷം കളയുന്ന ഔഷധയിലകളുടെ ചണ്ടി കമ്പോസ്റ്റാക്കിയതാണിത്. ഇത് വിളകൾക്ക് നല്ല കരുത്തും പ്രതിരോധവും നൽകുമെന്നാണ് തോമസിന്റെ അനുഭവം. ഇടവിളയായി ഔഷധ സസ്യങ്ങളും വളർത്തുന്നു. എല്ലാ വിളകൾക്കും കീടരോഗശല്യം വളരെ കുറവാണ്.

ഓരോ ഫല വർഗ്ഗത്തിലും മികച്ച ഇനങ്ങൾ തന്നെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. സപ്പോട്ടയിൽ പെരിയകുളം - 1, നെല്ലിയിൽ ബി എസ് ആർ 1 എന്നിങ്ങനെ. വരണ്ട നല്ല വെയിലേൽക്കുന്ന പ്രദേശമായതിനാൽ ഇവിടെ വിളയുന്ന പഴങ്ങൾക്ക് രുചി കൂടും. വ്യാപാരികൾ നേരിട്ടെത്തി അധിക വില നൽകി ഇവ വാങ്ങുന്നു. പഴങ്ങളും കൊപ്ര ആട്ടിയെടുക്കുന്ന വെളിച്ചെണ്ണയും ഉൾപ്പെടെ ജൈവോത്പ്പന്നങ്ങളായി വിൽക്കാനാകുന്നുണ്ട്.

മൂല്യവർദ്ധിത ഉത്പന്നങ്ങളുമുണ്ടാക്കുന്ന നേന്ത്രപ്പഴം ഉണക്കിയത്, നെല്ലിക്ക വൈൻ, നെല്ലിക്ക അരിഷ്ടം, സപ്പോട്ടയിൽ നിന്നുണ്ടാക്കുന്ന ചിക്കുവിറ്റ, സപ്പോട്ട പ്രിസർവ്, ചക്കച്ചുള പ്രിസർവ്, തേങ്ങാപ്പൂള് പ്രിസർവ്, മാങ്ങാതെര എന്നിവയൊക്കെ തോമസിന്റെ ഭാര്യ ജീനയുടെ





നേതൃത്വത്തിൽ ഉണ്ടാക്കി “പഴത്തോട്ടം എക്കോ - ഹെർബൽ പ്രോഡക്ട്സ്’ എന്ന ബ്രാന്റോടെ കാഞ്ഞിരപ്പുഴയിലെ എക്കോ ഷോപ്പുവഴി വിറ്റഴിയിക്കുന്നു. നല്ല വിപണിയാണിവയ്ക്ക്. ചുരുക്കത്തിൽ തോമസിനും കുടുംബത്തിനും ഇത് ബംബർ കൃഷി തന്നെയാണ്.

## നൂറേക്കറിൽ നാണ്യ വിളകളുടെ ജൈവകൃഷി

നാല് പതിറ്റാണ്ടായി നിലമ്പൂരിനടുത്തുള്ള പനങ്കയത്തെ 100 ഏക്കർ ഭൂമിയിൽ ജൈവ സർട്ടിഫിക്കേഷനോടെ കൃഷി ചെയ്യുകയാണ് മാത്യു പനങ്കയം.

കോട്ടയം സ്വദേശിയായ ഇദ്ദേഹത്തിന് പരമ്പരാഗത സ്വത്തായി ലഭിച്ചതാണ് ഈ നൂറേക്കർ ഭൂമി. ഇവിടെ വിളകളെ വനസമാനമായ അന്തരീക്ഷത്തിൽ ബാഹ്യ വിള കൃഷിയായി, സൂര്യപ്രകാശത്തെ പരമാവധി ഉപയോഗപ്പെടുത്തും വിധം വളർത്തുകയാണ് മാത്യു. കമുക്, തെങ്ങ്, കുരുമുളക്, ജാതി, കൊക്കോ എന്നിവയാണ് വിളകൾ. കൊക്കോത്തോട് ഉൾപ്പെടെ എല്ലാ കൃഷി അവശിഷ്ടങ്ങളും പല അട്ടികളആയി വിളകളുടെ ചുവട്ടിൽ ചേർക്കുന്നു. മണ്ണ് കിളയ്ക്കാറില്ലാത്തതിനാൽ ചുവടുകളിൽ മണ്ണിര നല്ല തോതിൽ ഉണ്ടായി വളക്കൂറ് വർദ്ധിപ്പിക്കും. കളകൾ സ്വയം കരിഞ്ഞ് മണ്ണിൽ അഴുകി ചേരാൻ അനുവദിക്കുന്നു. മൊത്തത്തിൽ നല്ല വായു സഞ്ചാരവും വളക്കൂറുമുള്ള മണ്ണ്.

ജൈവകൃഷിക്ക് വളക്കൂട്ടുകളുണ്ടാക്കാൻ 60 എരുമകളെയും പശുക്കളെയും വളർത്തുന്നുണ്ട്. പളുക്കളിൽ കങ്കയം പോലുള്ള നാടൻ ഇനങ്ങളാണ് മുഴുവനും. ചാണകത്തോടൊപ്പം ശർക്കര, കൊന്നയില, ഗോമൂത്രം, ചപ്പുചവറുകൾ എന്നിവ ചേർത്ത് ‘പശുമിത്ര’ എന്ന വളക്കൂട്ടുണ്ടാക്കുന്നു. കൂടാതെ പഞ്ചഗവ്യ, നവഗവ്യ, ജീവാമൃതം തുടങ്ങിയവയും ബയോഗ്യാസ് സ്ലറിയും പമ്പുചെയ്തു വിളകളുടെ ചുവട്ടിലെത്തിക്കുന്നുണ്ട്.

ഇത്തരത്തിൽ വള കരുത്തേറിയ മണ്ണിൽ വളരുന്ന വിളകൾ പതിന്മടങ്ങ് വിളവാണ് തരുന്നതെന്ന് മാത്യു പറഞ്ഞു. ഉദാഹരണം തെങ്ങുകൾ കുറഞ്ഞ് 250 തേങ്ങ പ്രതിവർഷം നൽകും. രോഗകീട ബാധയും കുറവാണ്. 25 ശതമാനം അധിക വിലയ്ക്ക് എല്ലാ ഉത്പന്നങ്ങളും കൃഷിയിടത്തിൽ നിന്നും ചെലവാകുന്നു. ജൈവകൃഷിയിൽ ഏർപ്പെടുന്നവർ കൃഷിയെ ജീവിതമാർഗ്ഗമായി കണ്ട് ആത്മാർത്ഥതയോടെ സമീപിക്കണമെന്നാണ് മാത്യുവിന്റെ ഉപദേശം. (മാത്യു 9447157857)

ജൈവ ഉത്പന്നങ്ങളുടെ വിപണിയിൽ വൈകാതെ കേരളത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടാകും. പ്രചരണങ്ങൾക്കപ്പുറം ഈ മേഖലയിൽ മുന്നേറാനുള്ള ഇച്ഛാശക്തിയും പരിവർത്തനകാലത്തെ നഷ്ടം നികത്താനുള്ള സംവിധാനവും ആണ് ഉരുത്തിരിയേണ്ടത്.●



# ഏഴ് നീർത്തടങ്ങൾക്ക് പുനർജനി

എ.എം. ശ്രീകാന്ത്

പ്രകൃതി സംരക്ഷണത്തിന്റേയും പരിപാലനത്തിന്റേയും ഒഴിച്ചുകൂടാനാവാത്ത ആവശ്യകതയെ ബോധ്യപ്പെടുത്തുന്നതാണ് വർത്തമാനകാല അനുഭവങ്ങൾ. ജലദൗർലഭ്യതയുടേയും കാലാവസ്ഥ വ്യതിയാനത്തിന്റേയും തിക്താനുഭവങ്ങൾ ഏറ്റുവാങ്ങി നെടുവീർപ്പിടുമ്പോൾ യാഥാർത്ഥ്യങ്ങളിലേക്ക് തിരിഞ്ഞുനോക്കാൻ നാം നിർബന്ധിതരാകുന്നു. മനുഷ്യന്റെ ആസുരമായ ഉപഭോഗാസക്തിയിൽ മണ്ണും ജലവും ജൈവവൈവിധ്യവും വിനാശത്തിലേക്ക് ആണ്ടുപോവുകയാണ്. പുതിയ കാലത്തിന്റെ തിരിച്ചറിവായി അതിജീവനത്തിനായുള്ള ജൈവപ്രക്രിയയായി പരിസ്ഥിതി സംരക്ഷണത്തിന്റെ ദൗത്യം നമുക്ക് ഏറ്റെടുക്കേണ്ടതുണ്ട് .

മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കാനായി ഒട്ടേറെ കേന്ദ്രാവിഷ്കൃതപദ്ധതികൾ നമ്മുടെ നാട്ടിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രതീക്ഷിച്ച നേട്ടങ്ങളുണ്ടാക്കുവാനോ ഫലപ്രാപ്തിയിലെത്തുവാനോ ഇവയ്ക്കായില്ല. ഈ സാഹചര്യത്തിലാണ് പരിസ്ഥിതി സംരക്ഷണത്തിന്റേയും മണ്ണ് ജല ജൈവ സംരക്ഷണത്തിന്റേയും പുതിയ സങ്കൽപ്പങ്ങളും പരികല്പനകളുമായി സംയോജിത നീർത്തട പരിപാലനപരിപാടി ആരംഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

മലനാടിന്റേയും ഇടനാടിന്റേയും തീരപ്രദേശത്തിന്റേയും സമ്മിശ്ര ഭൂപ്രകൃതിയുള്ള കൊടകര ബ്ലോക്ക് പഞ്ചായത്ത് നീർത്തടപരിപാലനത്തിന്റെ സമൂർത്തമായ ആവശ്യകതയും അനന്തമായ സാദ്ധ്യതകളുമുള്ള പ്രദേശമാണ്. അനിയന്ത്രിതമായ പ്രകൃതി ചൂഷണത്തിന്റെ ദുരന്തസ്മാരകങ്ങൾ ഈ പ്രദേശത്ത് നിരവധിയാണ്.കരിങ്കൽ ഖനനത്തെ തുടർന്നുള്ള അഗാധ ഗർത്തങ്ങൾ (പാറപൊട്ടിക്കൽ), നെൽപാടങ്ങളിലെ കളിമൺ ഖനനം സൃഷ്ടിച്ച ഉപയോഗശൂന്യമായ ജലാശയങ്ങൾ, വനനശീകരണത്തിന്റെ ബാക്കി പത്രമായ മൊട്ടക്കുന്നുകൾ. അഗാധതയിലേക്ക് താഴ്ന്ന് പോകുന്ന ജലനിരപ്പും ജലദൗർലഭ്യവും, അടഞ്ഞും തൂർന്നും പോയ ജലനിർഗ്ഗമന മാർഗ്ഗങ്ങളുമൊക്കെ ഇടപെടലിന്റെ ആവശ്യകത നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

പരിസ്ഥിതി തകർച്ചയുടെ നെറുകയി

ലിരുന്ന് അതിജീവനത്തിനായി കൊതിക്കുന്ന ഈ പ്രദേശത്തെ ഏഴ് നീർത്തടങ്ങളെ 2011 ൽ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കാൻ തെരഞ്ഞെടുത്തപ്പോൾ ഏവരും സന്തോഷിച്ചു. സാങ്കേതിക സഹായത്തിനായി ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയത് കേരള ലാന്റ് യൂസ് ബോർഡിനെയാണ്. അവരുടെ സഹായത്തോടുകൂടി വിശദമായ പദ്ധതി രേഖയും വാർഷിക കർമ്മ പദ്ധതിയുമൊക്ക തയ്യാറാക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. ഒപ്പം തന്നെ പദ്ധതിയെ പരിചയപ്പെടുത്തുവാനും ആശങ്കകളും സംശയങ്ങളും ദുരീകരിക്കുവാനുമുള്ള എൻട്രിപോയിന്റ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു

## പാലാമ്പ്രാത്തോട് സംരക്ഷണം

വരന്തരപ്പിള്ളി, തൃക്കൂർ, പുതുക്കാട്, അളഗപ്പനഗർ പഞ്ചായത്തുകളിൽ 2483.11 ഹെക്ടർ വിസ്തൃതിയിൽ കിടക്കുന്ന ആലഞ്ചേരിപ്പാടം കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഏറ്റവും വലിയ നീർത്തടമാണ്. കാർഷിക സംസ്കൃതിയുടെ സമ്പന്നമായ ഗതകാല ചരിത്രമുണ്ടെങ്കിലും ഇവിടെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ നിലവിലുണ്ട്. വെള്ളക്കെട്ടും ജലദൗർലഭ്യവുമൊക്കെ ഇതിന്റെ ഭാഗമായി അനുഭവപ്പെടുന്നു.ഈ നീർത്തടത്തിലാണ് കൊടകര ബ്ലോക്ക് പഞ്ചായത്തിലെ സംയോജിത നീർത്തട പരിപാലനപരിപാടിയുടെ ആദ്യ എൻട്രിപോയിന്റ് പ്രവർത്തിയായ പാലാമ്പ്രാത്തോട് വി.സി.ബി നിർമ്മാണം നടത്തുവാൻ തീരുമാനിച്ചത്. വരന്തരപ്പിള്ളി പഞ്ചായത്തിലെ വേലൂപ്പാടം പൗണ്ട് പ്രദേശത്തെ പ്രധാന ജലസ്രോതസ്സും ജലനിർഗ്ഗമന മാർഗ്ഗവുമാണ് പാലാമ്പ്രാത്തോട്. ദശകങ്ങൾക്കുമുമ്പേ ഇവിടെ ചീപ്പി ചിറ കെട്ടി വേനൽക്കാലത്ത് വെള്ളം തടഞ്ഞു നിർത്തി ഉപയോഗിക്കുന്നതിന് സംവിധാനമുണ്ടായിരുന്നു. ചീപ്പ് ചിറ ദുർബ്ബലപ്പെടുകയും തോടിന്റെ ബണ്ടുകൾ തകർന്ന് ഒഴുകി വരുന്ന വെള്ളം ചുറ്റുമുള്ള കൃഷിയിടങ്ങളിലേക്ക് പരന്ന് കൃഷിനാശത്തിനിടവരുത്തുന്ന സ്ഥിതിയുമായിരുന്നു. ഇത് പരിഹരിക്കുന്നതിനായി എൻട്രിപോയിന്റ് പ്രവർത്തി എന്ന നിലയിൽ ഏഴ് ലക്ഷം രൂപ അടങ്കൽ തുകയിൽ ചീപ്പ് ചിറയുടെ പുനരുദ്ധാരണവും തോടിന്റെ വശങ്ങളുടെ സംരക്ഷണവും നടത്തുവാൻ തീരുമാനിച്ചു. യൂസർഗ്രൂപ്പ് വിളിച്ചുകൂട്ടി പ്രവർത്തി വിശദീകരണം നടത്തുകയും പ്രവർത്തി യൂസർഗ്രൂപ്പിനെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. 67 ദിവസം കൊണ്ട് ദ്രുതഗതിയിൽ മാതൃകാപരമായി പണിപൂർത്തീകരിക്കുവാൻ യൂസർഗ്രൂപ്പിന് കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട നേട്ടമാണ്. 80 മീറ്റർ നീളത്തിൽ തോടിന്റെ ഇരുവശവും കല്ലുകെട്ടി കോൺക്രീറ്റ് ലൈനിംഗ് ചെയ്ത് തോട് സംരക്ഷിക്കുകയും എട്ട് മീറ്റർ നീളത്തിൽ ചീപ്പ് ചിറ ബലപ്പെടുത്തി സംരക്ഷിക്കുകയും ചെയ്തു. ഇത് മൂലം 52 ഏക്കർ കൃഷി ഭൂമിയിലെ വെള്ളക്കെട്ട് ഒഴിവാകുകയും വേനൽ തുടങ്ങുമ്പോൾ ചീപ്പ് ഇട്ട് വെള്ളം തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്ന സ്ഥിതിയുണ്ടായി. മാത്രവുമല്ല ഈ പ്രവൃത്തിയിലൂടെ സംയോജിതനീർത്തട പരിപാലനപരിപാടിയെ ഈ പ്രദേശത്തുകാർ ഹൃദയത്തിലേറ്റുവാങ്ങി.

**67 ദിവസം കൊണ്ട് ദ്രുതഗതിയിൽ മാതൃകാപരമായി പണിപൂർത്തീകരിക്കുവാൻ യൂസർഗ്രൂപ്പിന് കഴിഞ്ഞു. 80 മീറ്റർ നീളത്തിൽ തോടിന്റെ ഇരുവശവും കല്ലുകെട്ടി കോൺക്രീറ്റ് ലൈനിംഗ് ചെയ്ത് തോട് സംരക്ഷിക്കുകയും എട്ട് മീറ്റർ നീളത്തിൽ ചീപ്പ് ചിറ ബലപ്പെടുത്തി സംരക്ഷിക്കുകയും ചെയ്തു. ഇത് മൂലം 52 ഏക്കർ കൃഷി ഭൂമിയിലെ വെള്ളകെട്ട് ഒഴിവാകുകയും വേനൽ തുടങ്ങുമ്പോൾ ചീപ്പ് ഇട്ട് വെള്ളം തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്ന സ്ഥിതിയുണ്ടായി.**




## മഴവെള്ളസംഭരണി

ആർക്കോട് പാടം നീർത്തടത്തിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത മറ്റൊരു എൻട്രിപോയിന്റ് പ്രവർത്തിയാണ് മണ്ണംപേട്ട മാത സ്ക്കൂളിലെ മഴവെള്ളസംഭരണി. സ്ക്കുളിനുമുന്നിൽ പ്രധാന റോഡിന് സമീപത്തായി സംയോജിതനീർത്തടപരിപാലന പരിപാടിയുടെ വരവ് അറിയിച്ചുകൊണ്ടുള്ള ബൃഹത്തും മനോഹരവുമായ മഴവെള്ളസംഭരണി, കടന്നുപോകുന്നവരുടെയെല്ലാം ശ്രദ്ധയാകർഷിക്കുന്നു. സ്കൂളിലെ പ്രധാന കെട്ടിടങ്ങൾക്ക് മുകളിൽ വീഴുന്ന മഴവെള്ളം സംഭരിക്കുന്നതിനായി 90000 ലിറ്റർ സംഭരണശേഷിയുള്ള ഫെറോ സിമന്റിൽ തീർത്ത മഴവെള്ള സംഭരണിയാണ് ഇവിടെ നിർമ്മിച്ചിരിക്കുന്നത്. 3,68,700 രൂപയാണ് ചെലവഴിച്ചത്. നിർമ്മാണം നിർവ്വഹിച്ചത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്.

അതീവ പ്രയോജനകരവും മാതൃകാപരവും ആകർഷണീയവുമായ ഈ എൻട്രിപോയിന്റ് പ്രവർത്തികളിലൂടെ സംയോജിതനീർത്തട പരിപാലനപരിപാടിയുടെ വരവ് അറിയിക്കുവാനും പ്രസക്തി ബോധ്യപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.●

*കൊടകര ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറാണ് ലേഖകൻ*






# വികസനത്തിന് പശ്ചാത്തലമൊരുക്കി കുറ്റിപ്പുറം പദ്ധതി രണ്ടാം ഘട്ടത്തിലേക്ക്

കെ അജിത

സർക്കാർ ആവിഷ്കരിച്ച വികസനപദ്ധതി ജനങ്ങൾ ഒരു ആവേശമായി ഏറ്റെടുത്തതോടെ മലബാറിന്റെ വികസനമുന്നേറ്റ ചരിത്രത്തിൽ അത് പുതിയ അധ്യായമായി. കുറ്റിപ്പുറം പ്രദേശത്തിന്റെ സമഗ്രവികസനത്തിന് നാട്ടുകാരും ഉദ്യോഗസ്ഥരും വിദഗ്ധരും ചേർന്നപ്പോൾ അത് അഞ്ച് പഞ്ചായത്തുകളുടെ മുഖഛായ മാറുന്ന പ്രവർത്തനങ്ങളായി.

## ചുരാട്ടുകുളം സൈഡ് കെട്ടൽ

ഉപയോഗശൂന്യമായി കിടന്നിരുന്ന ചുരാട്ടുകുളം സംരക്ഷിക്കലോടുകൂടി 30 ഹെക്ടർ ഏരിയയിൽ നെൽ കൃഷിക്ക് ഉപകരിക്കുന്ന കുളം തൂർന്നുപോകുന്ന അവസ്ഥയിൽ നിന്നും രക്ഷപ്പെടുത്താൻ കഴിഞ്ഞു. ആ പ്രദേശത്തുള്ള അറുപതോളം കുടുംബങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കുള്ള ജലം സംഭരിക്കാൻ കഴിഞ്ഞു. കൂടാതെ കുളത്തിനോടു ചേർന്ന് കിടക്കുന്ന ഒരു സ്വകാര്യ കിണർ കുളത്തിലേക്ക് ഇടിഞ്ഞ് തുടങ്ങിയത് കുളം സംരക്ഷിക്കപ്പെട്ടതോടെ കുടിവെള്ളത്തിനായി ഉപയുക്തമാക്കാനും കഴിഞ്ഞു.

## കൈതക്കുളം പുനരുദ്ധാരണം

35 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് ഉപകാരപ്രദമായിരുന്ന ചോലയാണ് കൈതക്കുളം. ഇടിഞ്ഞ് താഴ്ന്ന ജീർണ്ണാവസ്ഥയിലായിരുന്ന ഈ ചോല പ്രകൃതി രമണീയവും ജലസംരക്ഷണത്തിന് പ്രകൃതി ദത്തമായ ഉറവിടവും ആകുന്നു. പാർശ്വഭിത്തികൾ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ടപ്പോൾ പരിസരവാസികൾ



# കുറ്റിപ്പുറം പദ്ധതി സമഗ്രവികസനത്തിന് നിലമൊരുക്കും - മന്ത്രി

ഏതു പ്രദേശത്തിന്റെയും അടിസ്ഥാന വികസനത്തിന് സാധ്യമാകുന്ന തരത്തിലാണ് സംയോജിത നീർത്തട പരിപാലന പരിപാടി സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്ന് ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. അത്തരത്തിൽ കുറ്റിപ്പുറം മേഖലയുടെ സമഗ്രവികസനത്തിന് നിലമൊരുക്കുന്നതാണ് കുറ്റിപ്പുറം പ്രോജക്ട് എന്ന് അദ്ദേഹം വിശദമാക്കി. 5583 ഹെക്ടർ പ്രദേശത്ത് 6.69 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയിൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി എട്ട് ചെറു നീർത്തടങ്ങളുടെ സംരക്ഷണം പ്രധാന പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തികൾ ഘട്ടങ്ങളിലായി പൂർണമാകുമ്പോൾ പ്രദേശത്തെ കാർഷിക-ഗ്രാമവികസന മേഖലകൾക്ക് ദൂരവ്യാപക ഗുണഫലങ്ങൾ ലഭ്യമാക്കുവാൻ പദ്ധതിക്ക് കഴിയുമെന്നും മന്ത്രി പറഞ്ഞു.

കുറ്റിപ്പുറം പദ്ധതിയുടെ ഒന്നാംഘട്ട പൂർത്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള പ്രവേശനവും മന്ത്രി പ്രഖ്യാപിച്ചു.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ മൂന്നാം ബാച്ചിൽ പെട്ടതാണ് കുറ്റിപ്പുറം പദ്ധതി. ഒൻപത് ഇ.പി.എ പ്രവൃത്തികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ കോട്ടയ്ക്കൽ എം.എൽ.എ അബ്ദുൾ സമദ് സമദാനി അധ്യക്ഷനായിരുന്നു. ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, നീർത്തട കമ്മിറ്റി അംഗങ്ങൾ, യൂസർ ഗ്രൂപ്പ് അംഗങ്ങൾ, നീർത്തട പ്രദേശങ്ങളിലെ കർഷകർ, എസ്.എച്ച്.ജി, ജെ.എൽ.ജി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ചോലയിൽ അടിഞ്ഞുകൂടിയിരുന്ന മണ്ണും ചെളിയും നീക്കുകയും ചെയ്തു.

### കോലുവാക്കൽ ചിറയ്ക്ക് ഷട്ടറിടലും സൈഡ് കെട്ടലും

ഈ ചിറയ്ക്ക് ചീർപ്പ് (മരം കൊണ്ടുള്ള ഷട്ടർ) ഇടുന്നത് വഴി 70 ഹെക്ടർ വയലിലെ നെൽകൃഷിക്ക് ആവശ്യമായ ജലം സംഭരിക്കാൻ കഴിഞ്ഞു. ദീർഘകാലമായി ഇത്തരം ഒരു ആവശ്യം സാധിക്കാതിരുന്ന നീർത്തടത്തിലെ കർഷകർക്ക് തങ്ങളുടെ ഇരുപ്പുനിലങ്ങളുടെ ഒരു ഭാഗത്തുകൂടി പുഞ്ചകൃഷി ചെയ്യാനാകുമെന്ന് യൂസർ ഗ്രൂപ്പ് ചെയർമാൻ യു ടി മുഹമ്മദ് ഹാജി പറയുന്നു. പാരമ്പര്യ കർഷകരുടെ ഒരു കൂട്ടായ്മയുള്ള എടയൂരിലെ കൃഷിക്കാരുടെ താത്പര്യം പദ്ധതിയുടെ വക്താക്കളായ ഉദ്യോഗസ്ഥർക്കും ഡബ്ല്യു ഡി ടിക്കും നല്ല പ്രചോദനം തരുന്നു.

### ബ്ലോക്ക് ക്യാന്റീനിൽ ബയോഗ്യാസ് പ്ലാന്റ്

ബ്ലോക്ക് ക്യാന്റീനിൽ നിന്നും പുറം തള്ളുന്ന ജൈവ മാലിന്യങ്ങൾ അന്തരീക്ഷത്തിൽ കിടന്നു ചീഞ്ഞുനാറാതെ പാചകവാതകമായി ഉപയോഗിക്കുവാനും ക്യാന്റീനിൽ ഉപയോഗിക്കുന്ന കുക്കിംഗ് ഗ്യാസ് പരമാവധി കുറയ്ക്കുവാനും വേണ്ടിയാണ് ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത്. 50 കിലോ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റാണ് നിർമ്മിച്ചിരിക്കുന്നത്. ബ്ലോക്ക് പരിസരമലിനീകരണം ഒഴിവാക്കുന്നതിന് പുറമെ ക്യാന്റീൻ നടത്തുന്ന എസ് ജി എസ് വൈ









സംഘത്തിന് ഇന്ധനലാഭവും ഇതിലൂടെ സാധിക്കുന്നു.

## മഴ വെള്ള സംഭരണി– പേരശ്ശനൂർ ഹയർ സെക്കൻഡറി സ്കൂൾ

ജലക്ഷാമം ഏറ്റവും കൂടുതൽ നേരിടുന്ന കാട്ടിപ്പരുത്തിപ്പാടം നീർത്തടത്തിൽപ്പെട്ട പേരശ്ശനൂർ ഹയർ സെക്കൻഡറി സ്കൂളിന് ഈ മഴവെള്ള സംഭരണി ഒരു അനുഗ്രഹമായി. 30000 ലിറ്റർ ജലം സംഭരിച്ച് വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് 1500 ത്തിൽ കൂടുതലുള്ള സ്കൂൾ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ അധ്യാപകരുടെ സഹായത്തോടെ ഞങ്ങൾക്കായിട്ടുണ്ട്.

## മഴവെള്ള സംഭരണി – 101 അംഗൻവാടി പകരനെല്ലൂർ

പകരനെല്ലൂർ നീർത്തടത്തിന്റെ തനത് സ്വഭാവം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന റിഡ്ജ് മേഖലയിൽ ഒരു സ്മാരകം പോലെ നിൽക്കുന്ന അംഗൻവാടിയിൽ 250000 ലിറ്റർ മഴവെള്ളം സംഭരിക്കാനുതകുന്ന വിധത്തിൽ മഴവെള്ള സംഭരണി പണി പൂർത്തിയായിട്ടുണ്ട്.

## പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഊർജ്ജ സംരക്ഷണം

ദേശീയപാതയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ആതവനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഒരു സോളാർ പാനൽ തിരുവനന്തപുരം കെൽട്രോണുമായുള്ള കരാർ പ്രകാരം 7,30680 രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. പ്രതിമാസം 4500–5000 രൂപയോളം വൈദ്യുതി ചാർജ് വന്നിരുന്ന ഓഫീസിൽ ഈ പാനൽ നിർമ്മിക്കുക വഴി അത്രയും തുക ലാഭിക്കാനാവുകയും ഊർജ്ജ സംരക്ഷണം സാധ്യമാവുകയും ചെയ്യുന്നുവെന്ന് പഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നു.

## ചങ്ങംകുഴിച്ചോല തടയണ കെട്ടി സംരക്ഷിക്കൽ

കൊളക്കാട് നർത്തടത്തിലെ ഏറെക്കുറെ നാമാവശേഷമായ ചങ്ങംകുഴി ചോല ഒരു കാലത്ത് അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിലെ കിണറുകളെ ജലസമ്പുഷ്ടമാക്കിയിരുന്നത്രെ. പിന്നീട് ചോല നിലനിന്നിരുന്ന പ്രദേശത്തുനിന്നുള്ള നീരൊഴുക്ക് വാഹനം പോകുന്ന പാത വന്നതുവഴി ഇരുമ്പ് പൈപ്പിൽ കൂടി ആക്കേണ്ടി വന്നു. പൈപ്പിൽ നിന്നും കുത്തനെ വീഴുന്ന വെള്ളം പെട്ടെന്ന് തന്നെ ഒലിച്ചുപോകുന്നത് നീർച്ചാലിൽ തടയണകൾ കെട്ടി ഓടുന്ന വെള്ളത്തെ നടത്തുക എന്ന തത്വത്തിൽ അധിഷ്ഠിതമാക്കിയാണ് ഈ പ്രവർത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. അതുകൊണ്ട് സമീപ പ്രദേശത്തെ പറമ്പുകളിൽ മഴവെള്ളം ഊർന്നിറങ്ങാനും കുടിവെള്ള കിണറുകളിൽ വേനൽക്കാലത്ത് കൂടുതൽ ദിവസങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനുമാകും.

## നഴ്സറി പരിപാലനം

നീർത്തട പരിപാലന പരിപാടിയുടെ പ്രകൃതി സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ വനവത്ക്കരണത്തിന് ഉതകുന്ന വിധത്തിൽ നീർത്തട കമ്മിറ്റികൾ മുഖേന വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി വനവത്ക്കരണത്തിന് ഉതകുന്ന തണൽമരങ്ങൾ, വൻ വൃക്ഷങ്ങൾ ജൈവ വേലിക്കുതകുന്ന മരങ്ങൾ, ഔഷധ വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെയെല്ലാം വിത്തുകൾ പാകി മുളപ്പിച്ച് കൊളക്കാട് നീർത്തടത്തിലെ പ്രണവം എസ് എച്ച് ജി, എം എൻ ആർ ഇ ജി എസുമായി ചേർന്ന് തയ്യാറാക്കി.

ഇ പി എ പ്രവൃത്തികൾ പൂർത്തീകരിച്ചതുവഴി ഈ പദ്ധതിയെക്കുറിച്ചും ഇത് വന്നത് സംബന്ധിച്ചും പദ്ധതിയുടെ പ്രാധാന്യവും നടത്തിയ രീതിയും സാമാന്യ ജനങ്ങളിലെത്തിക്കാൻ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് വിവിധ തലത്തിലുള്ള ജനങ്ങൾക്ക് കപ്പാസിറ്റി ബിൽഡിംഗ് പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്.

2014 ഗ്രാമവികസന വാരത്തിൽ പ്രകൃതി സംരക്ഷണ പരിപാടികൾ ( എൻ ആർ എം) എല്ലാ ചെറു നീർത്തടങ്ങളിലും ആരംഭിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചുകഴിഞ്ഞു.●

*വനിതാക്ഷേമ ഓഫീസറാണ് ലേഖിക*

# മികച്ച വിളവ് ഉറപ്പാക്കാൻ സോയിൽ ഹെൽത്ത് കാർഡ്



രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ആറിൽ ഒരു ഭാഗവും സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്. രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും തങ്ങളുടെ ഉപജീവനത്തിന് കൃഷിയെ ആശ്രയിക്കുന്നവരാണ്. ഫലഭൂയിഷ്ടത നഷ്ടമായിക്കൊണ്ടിരിക്കുന്ന മണ്ണ് വിഭവലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾക്ക് കാരണമാവുന്നു. വളങ്ങളുടെ അസന്തുലിതമായ ഉപയോഗം, ജൈവവളങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്, തുടർച്ചയായ കൃഷി മൂലം മണ്ണിലെ സൂക്ഷ്മ പോഷകങ്ങൾ നഷ്ടമാവുന്നത് എന്നിവ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ മണ്ണിന്റെ ഫലഭൂയിഷ്ടതയെ സാരമായി ബാധിച്ചിട്ടുണ്ട്.

മണ്ണിൽ നിലവിലുള്ള പോഷകങ്ങൾ ഏതൊക്കെയെന്നും ഏതെല്ലാം പോഷകാംശങ്ങളാണ് കുറവുള്ളതെന്നും കണ്ടെത്താൻ തുടർച്ചയായ ഇടവേളകളിൽ മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്.

രാജ്യത്തെ എല്ലാ കർഷകർക്കും മണ്ണിന്റെ ആരോഗ്യം പരിശോധിക്കാനുള്ള സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കാൻ ഗവൺമെന്റ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യത്യസ്ത വിളകൾക്ക് ആവശ്യമായ മണ്ണിലെ പോഷകാംശങ്ങളുടെ അളവ് കർഷകർക്ക് ഈ കാർഡുപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഏതെങ്കിലും പോഷകങ്ങളുടെ കുറവുണ്ടെങ്കിൽ കർഷകന് അത് എളുപ്പത്തിൽ പരിഹരിക്കാനും സാധിക്കും.

കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്രഗവൺമെന്റ് സഹായം നൽകും. മണ്ണിന്റെ ആരോഗ്യം പരിശോധിക്കാൻ കാർഷിക വിദ്യാർത്ഥികൾ, സർക്കാരിതര സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം സംസ്ഥാന സർക്കാരുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ഭൂമിയുടെ നിലവിലുള്ള ആരോഗ്യാവസ്ഥ മനസ്സിലാക്കാനും തുടർകൃഷിയിലൂടെ ഏതെല്ലാം മൂലകങ്ങളാണ് നഷ്ടമാവുന്നതെന്ന് നിരീക്ഷിക്കാനും അവയുടെ കുറവ് നികത്താനും സോയിൽ ഹെൽത്ത് കാർഡ് സഹായിക്കും. കർഷകരുടെ പാരമ്പര്യ അറിവും പ്രവൃത്തിപരിചയവും അടിസ്ഥാനമാക്കിയാണ് മണ്ണിന്റെ ആരോഗ്യപരിശോധന നടത്തുന്നത്. ഒരു ലബോറട്ടറിയുടേയോ സാങ്കേതിക വിദ്യയുടേയോ സഹായമില്ലാതെ മണ്ണിന്റെ അവസ്ഥ വ്യക്തമാക്കുന്ന സൂചനകളാണ് കാർഡിലുള്ളത്.

നിലവിൽ തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിജയകരമായി വിതരണം ചെയ്തിട്ടുണ്ട്. ഇന്ത്യ മുഴുവൻ ഇത് വ്യാപിപ്പിക്കാനാണ് കേന്ദ്രഗവൺമെന്റിന്റെ തീരുമാനം. ലഭ്യമായ കണക്കനുസരിച്ച് 2012 മാർച്ച്വരെയുള്ള കാലയളവിൽ 48 കോടി സോയിൽ ഹെൽത്ത് കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 2006 മുതൽ തമിഴ്നാട്ടിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് 30 മണ്ണ് പരിശോധനാ ലബോറട്ടറികളും 18 മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറികളുമുണ്ട്. പുതുക്കോട്ട ജില്ലയിലെ കുടുമിയാൻ മലയിലുള്ള ലബോറട്ടറി സെൻട്രൽ ലബോറട്ടറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ലബോറട്ടറികളുടെയെല്ലാം പ്രവർത്തനം നിയന്ത്രിക്കുന്നത് ഇവിടെയാണ്.

തമിഴ്നാട് കാർഷിക സർവ്വകലാശാല വികസിപ്പിച്ച 'ഡെസിഫർ' എന്ന സോഫ്റ്റ്വെയർ വഴി മണ്ണുപരിശോധനാ ലബോറട്ടറികൾ ഓൺലൈൻ സോയിൽ ഹെൽത്ത് കാർഡുകൾ നൽകുകയും ഓരോ മണ്ണിനും അനുയോജ്യമായ വളപ്രയോഗം നിർദ്ദേശിക്കുകയും ചെയ്യുന്നു.●

# തൊഴിലുറപ്പ് പദ്ധതി ചോദ്യങ്ങൾ – ഉത്തരങ്ങൾ

സി.വി. ജോയി വയനാട്

### 1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്താണെന്ന് വിശദീകരിക്കുമോ



ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നത് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

### 2. എന്താണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം?

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23-ാം തീയതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

### 3. എന്താണ് ഈ നിയമത്തിന്റെ സവിശേഷത?

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തുന്നുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

### 4. തൊഴിലുറപ്പ് നിയമത്തിലൂടെ എങ്ങനെയാണ് ഇത് സാധ്യമാകുന്നത്?

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്ത പക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതേപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പുവരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.


### 5. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം എന്നാണ് നിലവിൽ വന്നത്? ഇന്ത്യയിലെ എത്ര ജില്ലകളിൽ ഇപ്പോൾ ഈ പദ്ധതി നിലവിലുണ്ട്?

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. 644 ജില്ലകളിലായി 6576 ബ്ലോക്കുകളിലാണ് ഇത് ഇപ്പോൾ നടപ്പിലാക്കുന്നത്. നഗര പ്രദേശങ്ങൾ മാത്രം ഉൾപ്പെടുന്ന ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ കേരളത്തിൽ നഗരപ്രദേശങ്ങളിൽ ഈ പദ്ധതിക്ക് സമാനമായ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്.

തുടരും..


*എം.ജി.എൻ.ആർ.ഇ.ജി.എ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററാണ് ലേഖകൻ*

# ഗ്രാമീണ കേരളം
# വികസന മുന്നേറ്റങ്ങളുടെ നേർചിത്രം



















**വായിക്കുക, വരിക്കാരാകുക**

# ഗ്രാമഭൂമി

**മണിയോർഡർ അയയ്ക്കേണ്ട വിലാസം:**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,
വഴുതക്കാട്, ശാസ്തമംഗലം പി ഒ, തിരുവനന്തപുരം 695 010

September-October 2014
Annual Subscription Rs. 12.00

GRAMABHUMI
Bi-Monthly

RN. No. 36116/1980



# ഇതും പറയണോ?

**ജനങ്ങൾക്ക് അധികാര ഭാവവും ഭരണ നിർവ്വഹണ വിഭാഗത്തിന്
അസ്വാസ്ഥ്യവും സമ്മാനിച്ച വിപ്ലവമാണ് വിവരാവകാശ നിയമത്തിലൂടെ രാജ്യത്ത് സംജാതമായത്.**

നിയമം പ്രാബല്യത്തിലായി ഒരു പതിറ്റ് പിന്നിടുമ്പോഴും പ്രയോഗതലത്തിൽ
സംശയങ്ങളും അവ്യക്തതകളും ഏറെയാണ്.
വിവരാവകാശ നിയമം - 2005 പ്രകാരമുള്ള അന്വേഷണങ്ങൾക്ക് മറുപടി കുറിക്കേിവരുമ്പോൾ
ഉദ്യോഗസ്ഥർക്ക് ഉാകാവുന്ന പ്രധാന സംശയമാണ് ഇതിലെ തലവാചകം- 'ഇതും പറയണോ?'.
ഇത്തരം ഘട്ടങ്ങളിൽ ഉദ്യോഗസ്ഥരെ സഹായിക്കാൻ 'ഗ്രാമഭൂമി' ഒപ്പമു്.

## എഴുതുക

"ഇതും പറയണോ?"
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,
വഴുതക്കാട്, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695 010.
ഫോൺ : 0471 2317262. email : ribkerala@gmail.com

Printed and Published by A.A. Hakkim, Chief Officer, Rural Information Bureau, Owned by the Commissioner of Rural Development, Government of Kerala,
Printed at Government Central Press, Thiruvananthapuram and Published from Rural Information Bureau, State Municipal House,
Vazhuthacaud, Sasthamangalam PO, Thiruvananthapuram, Kerala-695 010. Editor: A.A. Hakkim